## അദ്ധ്യായം - ഒന്ന്

# പാരിസ്ഥിതിക സ്ത്രീവാദം

**1.0.**

പാരിസ്ഥിതിക സ്ത്രീവാദം എന്ന പദം ആദ്യമായി ഉപയോഗിച്ചത് 1974-ൽ ഫ്രഞ്ച് സാഹിത്യനിരൂപകയായ ഫ്രാൻസ്വാ ദി യൂബോൻ (Francoise de Eaubonne) ആണ്. 'ഫെമിനിസം അല്ലെങ്കിൽ മരണം' (Le Feminisme di la mort) എന്ന ഫ്രഞ്ച് ഭാഷയിൽ എഴുതിയ ഗ്രന്ഥത്തിൽ, സ്ത്രീപീഡനവും പരിസ്ഥതി ചൂഷണവുമായി അഭേദ്യമായ ബന്ധമുണ്ടെന്നു അവർ നിരീക്ഷിച്ചു. സ്ത്രീശക്തിയെ ഭൂമിയുടെ പരിസ്ഥിതി സന്തുലനക്രമങ്ങൾക്കായി ഉപയോഗപ്പെടുത്തുവാൻ ആഹ്വാനം ചെയ്തുകൊണ്ടാണ് ഫ്രാൻസ്വാ ഈ പദം ഉപയോഗിക്കുന്നത്. സ്ത്രീയുടേയും പരിസ്ഥിതിയുടേയും മേലുള്ള അധീശങ്ങളെക്കുറിച്ച് ചിന്തിക്കുന്ന ഈ പദ്ധതിയിൽ ഫ്രാൻസ്വാ ഒരു പുതിയ പരിസ്ഥിതി സ്ത്രീ വിപ്ലവം വിഭാവനം ചെയ്യുന്നു. പുരുഷനും സ്ത്രീയും തമ്മിൽ, മനുഷ്യനും പ്രകൃതിയും തമ്മിൽ സഹവർത്തിത്വത്തിന്റേതായ ഒരു പുതിയ പാത തുറക്കണമെന്നും അതിനു വിഘാതമായ പുരുഷകേന്ദ്രിത നയങ്ങളെ ഇല്ലായ്മ ചെയ്യണമെന്നും ഉദ്ദേശിക്കുന്ന ഇവർ നിലവിലുള്ള പിതൃദായക്രമത്തിനു പകരം മാതൃദായക്രമത്തേയോ, പുരുഷശക്തിക്കുപകരം സ്ത്രീശക്തിയേയോ പുനഃപ്രതിഷ്ഠിക്കണമെന്നു പറയുന്നില്ല. സമൂഹത്തിന്റെ എല്ലാ തലങ്ങളിലുമുള്ള എല്ലാത്തരം അധികാര സ്വഭാവങ്ങളേയും നിരാകരിച്ചുകൊണ്ട്, സഹവർത്തിത്വം നടപ്പിലാക്കുക എന്നതാണ് പാരിസ്ഥിതിക സ്ത്രീവാദത്തിന്റെ ജീവരേഖയായി ഈ പദ്ധതിയുടെ പ്രയോക്താവ് അവതരിപ്പിക്കുന്നത്.[1] ഒരു വ്യാഴവട്ടത്തിനുശേഷം കാരൻ ജെ. വാറൻ (Karan. J. warren) ഈ നിലപാട് കുറേക്കൂടി വ്യക്തമാക്കുന്നുണ്ട്. സ്ത്രീയും പ്രകൃതിയും തമ്മിൽ എന്തുകൊണ്ട് ബന്ധപ്പെടുത്തി ചർച്ച ചെയ്യുന്നു എന്ന് അന്വേഷിക്കുന്ന കാരൻ ജെ. വാറൻ ഈ ബന്ധത്തിന്റെ സ്വഭാവം മനസ്സിലാക്കുവാൻ സ്ത്രീവാദസിദ്ധാന്തങ്ങൾ പരിസ്ഥിതി

വീക്ഷണങ്ങൾ ഉൾക്കൊള്ളേണ്ടതുണ്ടെന്നും തിരിച്ച് പരിസ്ഥിതി നിർദ്ധാരണങ്ങൾ സ്ത്രീപക്ഷതയെ സ്വീകരിക്കണമെന്നും നിർദ്ദേശിക്കുന്നു.[2]

## 1.1. പരിസ്ഥിതിയും സ്ത്രീവാദവും

പാരിസ്ഥിതിക സ്ത്രീവാദം എന്ന പദം സൂചന നൽകുന്നതുപോലെ ഈ ചിന്താപദ്ധതിയിൽ തുടക്കത്തിൽ പരിസ്ഥിതി, സ്ത്രീ എന്നീ ഘടകങ്ങളെക്കുറിച്ചുള്ള ചർച്ചകളാണ് ഉൾപ്പെടുത്തിയിരുന്നത്. ഇപ്രകാരം പ്രകൃതിയേയും സ്ത്രീയേയും ചേർത്ത് ചിന്തിക്കുന്നതിനു പ്രധാനമായും രണ്ട് അടിസ്ഥാന വസ്തുതകളുണ്ട്.

1. പ്രകൃതിയേയും സ്ത്രീയേയും സമാനപ്പെടുത്തുന്ന ചരിത്രവീക്ഷണങ്ങൾ
2. പ്രകൃതിയും സ്ത്രീയും നേരിടുന്ന വർത്തമാനകാല പീഡിതാവസ്ഥകളുടെ സമാനതകൾ.

പ്രകൃതിയേയും സ്ത്രീയേയും പരസ്പരം ഉപമിച്ചുകൊണ്ടുള്ള പരികല്പനകൾ സാഹിത്യത്തിലെ ആദിമാതൃകകളിൽത്തന്നെ കണ്ടെത്താം. സ്ത്രീയുടേയും പ്രകൃതിയുടേയും സഹജസ്വഭാവങ്ങളുടെ അടിസ്ഥാനത്തിലാണ് ഇത്തരം പരികല്പനകൾ രൂപപ്പെട്ടിരിക്കുന്നത്. ഇതിൽത്തന്നെ ഉപമയുടെ പ്രധാന ഹേതുവാകുന്നത് ഉർവ്വരതാഗുണങ്ങളാണ്. ഒട്ടുമിക്ക പുരാണങ്ങളും സ്ത്രീയെ ഭൂമിയോടും കൃഷിയിടങ്ങളോടും ഉപമിക്കുന്നുണ്ട്. യജുർവേദത്തിലും ഖുറാനിലുമെല്ലാം ഇത്തരം സന്ദർഭങ്ങളുണ്ട്. Mother Earth എന്ന സങ്കല്പം ഇപ്രകാരം ഉർവ്വരതാ ബന്ധങ്ങളിൽ നിന്ന് ഉരുത്തിരിഞ്ഞുവന്നിട്ടുള്ളതാണ്. ആദിയിൽ എല്ലാ ജീവജാലങ്ങളുടേയും മാതാവായ ഭൂമിദേവിയെ പ്രകൃതീശ്വരിയായി കല്പിച്ചിരുന്നു. ലോകത്തെവിടേയുമുള്ള സംസ്ക്കാരങ്ങളിൽ ഇത്തരം പ്രകൃതി-മാതൃ ബിംബങ്ങളുടെ സങ്കലനം കാണാം. ഭാരതീയ സങ്കല്പത്തിലെ ദേവതമാർ, യവനപുരാണത്തിലെ അസംഖ്യം ദേവതമാർ, ഗയ എന്നിവർക്കു ഭൂമിയും പ്രകൃതിയുമായുള്ള ബന്ധങ്ങൾ പ്രത്യേകം പ്രസ്താവ്യമാണ്. ഉർവ്വരത ഇരുകൂട്ടരേയും ജീവദായനികളും സംരക്ഷകരുമാക്കിത്തീർക്കുന്നു.

പ്രകൃതിയേയും സ്ത്രീയേയും തമ്മിൽ ബന്ധിപ്പിക്കുന്ന മറ്റൊരു സമാനത രൂപസാദൃശ്യമാണ്. സൗന്ദര്യം, വടിവുകൾ, വക്രതകൾ എന്നീ രൂപവിശേഷങ്ങൾ സ്ത്രീയിലും പ്രകൃതി

യിലും ആരോപിക്കാം. സ്ത്രീയുടെ ചില ശാരീരിക പ്രത്യേകതകൾ പ്രകൃതിയെ പുരുഷനേക്കാൾ ഉൾക്കൊള്ളാൻ അവളെ പ്രാപ്തയാക്കുന്നു. ആർത്തവവും ഋതുചക്രങ്ങളും ശീലിച്ചിട്ടുള്ള സ്ത്രീ, പ്രകൃതിയുടെ ഋതുപരിണാമങ്ങളേയും ജലചക്രവിന്യാസങ്ങളേയും പുരുഷനേക്കാൾ അനുഭവിച്ചറിയുന്നു.

പ്രകൃതിയെ സ്ത്രീയോട് ഉപമിക്കുന്നതിനു ആരാധനാശീലങ്ങളും പ്രേരകമായിട്ടുണ്ട്. ആരാധന, ഭയത്തിൽ നിന്നാണ് പ്രാദുർഭവിക്കുന്നത്. പൂർണ്ണമായി മനസ്സിലാക്കാനോ, മുൻകൂട്ടി നിർണ്ണയിക്കാനോ കഴിയാതിരുന്ന പ്രകൃതിപ്രതിഭാസങ്ങളേയും, അതിമാനുഷങ്ങളായി അനുഭവപ്പെട്ട പ്രകൃതി ഘടകങ്ങളേയും ആദിമനുഷ്യർ ആരാധിച്ചിരുന്നു. മനുഷ്യസംസ്ക്കാര സംക്രമണഘട്ടങ്ങളിൽ ആരാധനാരീതികളിലും മാറ്റങ്ങൾ വന്നു. ആരാധനാമൂർത്തികൾക്കു ബിംബാത്മകത്വം കൈവന്നപ്പോൾ, അവയ്ക്കു നൽകിയ പ്രതിച്ഛായകൾ മിക്കതും സ്ത്രീരൂപങ്ങളുടേതായിരുന്നു. ആദിസംസ്ക്കാരങ്ങളുടെ ഖനനചരിത്രവസ്തുക്കൾ ഇതിനുള്ള തെളിവുകൾ നൽകുന്നുണ്ട്. മോഹൻജദാരോ ഹാരപ്പ സംസ്ക്കാരഘട്ടത്തിന്റെ ശേഷിപ്പുകളായ മൃത്‌രൂപങ്ങൾ അമ്മദൈവസങ്കല്പത്തിന്റെ പ്രാക്തനതയെ വെളിപ്പെടുത്തുന്നുണ്ട്. വേദകാലമാകുമ്പോഴേയ്ക്കും അഗ്നായീ, പൃഥ്വിവീ, ഇളാ, അദിതി, സരമാ, രാകാ, സീനിവാലി എന്നിങ്ങനെ ദേവതമാരുടെ നിര ദീർഘിക്കുന്നു. പൃഥ്വിവീ സ്ഥാനത്തും മധ്യമസ്ഥാനത്തും ദ്യുസ്ഥാനത്തും വർത്തിക്കുന്നവർ എന്ന രീതിയിൽ ഈ ദേവതമാരെ യാസ്ക്കൻ മൂന്നു വകുപ്പുകളായി തിരിക്കുന്നുണ്ട്. ആരാധനാ മൂർത്തികളിൽ ഇപ്രകാരം പ്രകൃതി സ്ത്രീ മാതൃകകളെ അവരോധിക്കുന്ന പ്രാക്ചരിത്രം, പ്രകൃതി-സ്ത്രീ സമാനസങ്കല്പങ്ങളുടെ പ്രാക്തനതയെ തെളിയിക്കുന്നു.

ഇരുപതാം നൂറ്റാണ്ടിന്റെ മധ്യത്തിനു ശേഷം പിറവിയെടുത്ത ഒരു സൈദ്ധാന്തിക ചർച്ചയിൽ ഈ രണ്ട് ഘടകങ്ങളെ ചേർത്തുനിർത്തുന്നത് മേല്പറഞ്ഞ പ്രത്യക്ഷസമാനതകളുടെ കാല്പനിക ഭൂമികകളല്ല. മാറിയ സാഹചര്യങ്ങളിൽ പരിസ്ഥിതിക്കും സ്ത്രീക്കും ഒരുപോലെ നേരിടേണ്ടി വന്ന മർദ്ദിതാവസ്ഥകളാണ് പാരിസ്ഥിതിക സ്ത്രീവാദത്തിലെ പരിസ്ഥിതി സ്ത്രീ ഘടകങ്ങൾക്കു തമ്മിലുള്ള സാമ്യം.

തുടർന്നു പ്രകൃതിയും സ്ത്രീയും ഇപ്രകാരം പ്രാന്തവൽക്കരിക്കപ്പെട്ട ദശാസന്ധിയുടെ ചരിത്രപരത അന്വേഷിക്കുന്നു.

## 1.2. പ്രകൃതി വീക്ഷണങ്ങളിൽ വന്ന മാറ്റങ്ങൾ

മനുഷ്യവികാസ ചരിത്രങ്ങൾ തന്നെയാണ് പരിസ്ഥിതി നാശത്തിനു കാരണമാകുന്നത്. മനുഷ്യനും പ്രകൃതിയും തമ്മിലുള്ള ബന്ധങ്ങൾ ചരിത്രാതീതകാലം മുതലേ ഉണ്ടായിരുന്നു. പ്രകൃതിയില്ലാതെ മനുഷ്യനു നിലനില്പില്ല. മറിച്ച് മനുഷ്യനില്ലാതെ പ്രകൃതിക്കു നിലനിൽക്കുകയുമാകാം. പരിസ്ഥിതിക്കു പുറത്തും മനുഷ്യനു നിലനില്പുണ്ടെന്ന മിഥ്യാബോധത്തിന്റെ ആവിർഭാവത്തോടെയാണ് പ്രകൃതി, മനുഷ്യനിൽ നിന്നും അന്യവൽക്കരിക്കപ്പെടുന്നത്. പതിനാറ് പതിനേഴ് നൂറ്റാണ്ടുകളിൽ നടന്ന കാൽവനിസ്റ്റ് നവീകരണവും, ശാസ്ത്രീയ മുന്നേറ്റവും പാശ്ചാത്യരുടെ പ്രകൃതിയോടുള്ള കാഴ്ചപ്പാടുകളെ തന്നെ മാറ്റി മറിച്ചു. മധ്യകാലയുഗം പ്രകൃതിയുടെ ദൈവിക പൈശാചിക ശക്തികൾക്കിടയിൽ കിടന്നു ബുദ്ധിമുട്ടുന്നതായി ഇവ രണ്ടും ചിത്രീകരിച്ചു. കാൽവനിസം പ്രകൃതിയുടെ ദൈവികഭാവത്തെ തിരസ്ക്കരിക്കുക തന്നെ ചെയ്തു. ഈശ്വരനുമായുള്ള ബന്ധം നിലനിർത്തുന്ന ദൈവിക അവശിഷ്ടങ്ങളൊന്നും പ്രകൃതിയിൽ, ഈ ചിന്താപദ്ധതിക്കു ദർശിക്കാനായില്ല. പ്രത്യക്ഷത്തിൽ ക്രിസ്തീയതയെ തള്ളിപ്പറഞ്ഞുകൊണ്ട് ഉയർന്നുവന്ന കാൽവനിസം അതിന്റെ അധികാരസ്വഭാവത്തെ പിന്തുടരുകയും ചെയ്തു.

ശാസ്ത്രമുന്നേറ്റം മറ്റൊരു രീതിയിലാണ് പ്രകൃതിക്കെതിരായി നീങ്ങിയത്. പ്രകൃതിയിലെ ഈശ്വരഭാവങ്ങളെ തള്ളിക്കളഞ്ഞ കാൽവനിസ്റ്റ് രീതികൾക്കു വിപരീതമായി, പ്രകൃതിയെ ദൈവികഭാവങ്ങളുടെ പ്രകടനമായി, ശാസ്ത്രീയതയുടെ കാലഘട്ടം അംഗീകരിക്കുന്നുണ്ട്. അതുകൊണ്ടുതന്നെ ഭൗതികതയുടേയും ആത്മീയതയുടേയും വൈരുദ്ധ്യങ്ങളെ ഒന്നിച്ചു സ്വാംശീകരിക്കുന്നതിന്റെ വൈഷമ്യങ്ങൾ ഈ കാലഘട്ടത്തിനു നേരിടേണ്ടിവന്നു. അങ്ങനെ പതിനേഴ്, പതിനെട്ട് നൂറ്റാണ്ടുകളിലെ പ്രകൃതിവാദികൾക്കു നിർജ്ജീവതയ്ക്കും അതിധൈഷണികതയ്ക്കും മധ്യേ സ്വയം നഷ്ടപ്പെടുവാനേ കഴിഞ്ഞുള്ളൂ. പ്രകൃതി ഈ സന്ദർഭത്തിൽ മതേതരമാക്കപ്പെട്ടു. ശാസ്ത്രത്തിന്റെ പുതിയ കണ്ടെത്തലുകൾ പ്രകൃതിയുടെ ദൈവിക പൈശാചിക ഭാവങ്ങളേയും ഭീതികളേയും ഒരുപോലെ നിരാകരിക്കുന്ന

ഘട്ടത്തിലെത്തിയപ്പോൾ പ്രകൃതി എന്നത് ചലിക്കുന്ന വെറും വസ്തു, ഭൗതിക ശാസ്ത്രജ്ഞരുടെ നിയമാവലികൾക്കനുസരിച്ച് ചലിക്കുന്ന വെറും വസ്തു, എന്ന അവസ്ഥയിലായി. അതോടെ പൗരാണികർ കല്പിച്ചുകൊടുത്ത ജീവനും ആത്മാവും ഉർവ്വരതയുമെല്ലാം പ്രകൃതിക്കു നഷ്ടമായി. ദ്രവ്യം (matter) എന്ന അവസ്ഥയാക്കിക്കൊണ്ട്, പ്രകൃതിയെക്കുറിച്ചുള്ള മാറിയ കാഴ്ചപ്പാട്, ധനവും ശക്തിയും ഉപയോഗിച്ച് അനന്തമായ പുനർനിർമ്മിതികളും അത്യഗാധങ്ങളായ ഖനനങ്ങളും നടത്തേണ്ട, നടത്താനാകുന്ന വസ്തുവും നിക്ഷേപവുമായി പ്രകൃതിയെ മാറ്റിയെടുത്തു.

ശാസ്ത്രത്തിലൂടെ വികസിച്ചുവന്ന സാങ്കേതികത ഭൂമിയെ ഉപയോഗപ്പെടുത്തുന്നതിലും കവിഞ്ഞ് നിയന്ത്രിക്കുക തന്നെ ചെയ്തു. കോളനിവൽക്കരണങ്ങൾ ആരംഭിക്കുന്നതു ഈ ഘട്ടത്തിലാണ്. പതിനാറ് മുതൽ ഇരുപതുവരെയുള്ള നൂറ്റാണ്ടുകളിൽ പാശ്ചാത്യ യൂറോപ്പുകാർ ഏഷ്യ, ആഫ്രിക്ക എന്നീ രാജ്യങ്ങളിലെ ഭൂമി കയ്യടക്കുകയും തദ്ദേശിയരെ അടിമകളാക്കുകയും ചെയ്തു. ഇങ്ങനെ അധീനപ്പെടുത്തിയ ഭൂമിയും മനുഷ്യാധ്വാനവും ജൈവിക സ്രോതസ്സുകളും പുതിയ സാങ്കേതിക കണ്ടുപിടുത്തങ്ങൾക്കായി ഉപയോഗപ്പെടുത്തി. പ്രകൃതി സ്രോതസ്സുകളെ വിഘടിപ്പിച്ചും ഏകീകരിച്ചും വ്യത്യസ്ത ശക്തികളും ഊർജ്ജങ്ങളുമായി മാറ്റിയെടുത്തു. ഇത്തരം പ്രക്രിയകൾക്കു അടിസ്ഥാനമായ കണികാസിദ്ധാന്തം പോലുള്ള വിജ്ഞാനശാഖകൾ പ്രകൃതിയെക്കുറിച്ചുള്ള അദ്വൈത വീക്ഷണങ്ങളെ തീർത്തും നിരാകരിച്ചു. പ്രകൃതിയുടെ അമർത്ത്യതയെക്കുറിച്ചുള്ള ആത്മീയ സങ്കല്പങ്ങളെ ശാസ്ത്രസാങ്കേതിക രീതികൾ പുനർനിർമ്മിതി സിദ്ധാന്തങ്ങളിലേയ്ക്കു മാറ്റി പ്രതിഷ്ഠിച്ചു. ഇത്തരം പ്രകൃതിവിരുദ്ധ മുന്നേറ്റങ്ങൾ നടത്തിയതും, ഇവയുടെ ഭൗതികനേട്ടങ്ങൾ അനുഭവിച്ചതും ഒരു ന്യൂനപക്ഷം മാത്രമായിരുന്നു. മൂന്നാംലോക രാഷ്ട്രങ്ങളുടെ പ്രകൃതി - ധാതു - അദ്ധ്വാനക്ഷമതകളെ, ശാസ്ത്രീയ സാങ്കേതിക നേട്ടങ്ങളുപയോഗപ്പെടുത്തി ഒന്നാം ലോക രാഷ്ട്രങ്ങൾ നടത്തുന്ന ചൂഷണങ്ങൾ, പ്രകൃതിയുടെ ചാക്രിക സ്വഭാവത്തെത്തന്നെ ചോദ്യം ചെയ്യുന്ന ഒന്നായിത്തീർന്നു. ആർജ്ജനവും നിക്ഷേപവും തുല്യമായി നടത്തേണ്ടതിൽ നിന്നു വ്യത്യസ്തമായി, ആവശ്യവസ്തുക്കൾ ആർജ്ജിച്ചെടുക്കുകയും മാലിന്യങ്ങൾ നിക്ഷേപിക്കുകയും ചെയ്യുന്ന ഇടമായി പ്രകൃതി

മാറി. ഉപഭോഗസംസ്ക്കാരം വായു, ജലം, മണ്ണ് എന്നീ എല്ലാ പ്രകൃതിഘടകങ്ങളേയും അക്ഷരാർത്ഥത്തിൽത്തന്നെ വിഷലിപ്തമാക്കി.

## 1.3. സ്ത്രീക്കുമേലുള്ള അധിനിവേശത്തിന്റെ ചരിത്രം

സ്ത്രീയ്ക്കു പ്രാമാണ്യവും പ്രാധാന്യവും ഉണ്ടായിരുന്ന ഒരു ഘട്ടത്തെ ചരിത്രപരമായി സാധൂകരിക്കുന്നവയാണ് ഇന്ന് നിലനിൽക്കുന്ന അമ്മദൈവ സങ്കല്പങ്ങൾ. ഇവ നവചരിത്രസൃഷ്ടികളല്ല മറിച്ച് പൂർവചരിത്രശേഷിപ്പുകളാണെന്നതിനു മോഹൻജദാരോ, ഹാരപ്പൻ ഉൾഖനനങ്ങൾ തെളിവുകൾ നൽകുന്നുമുണ്ട്. അമ്മദൈവങ്ങൾക്കു പകരം പുരുഷദൈവങ്ങളെ അവരോധിക്കുന്നതിലൂടെയാണ് പുരുഷാധിപത്യപ്രവണതകൾ സമൂഹത്തിൽ പ്രവർത്തിക്കുവാൻ ആരംഭിക്കുന്നത്. ഈശ്വരസങ്കല്പത്തിലെ പരിവർത്തനത്തിൽ പ്രവർത്തനമാരംഭിച്ച ഈ രീതി സമൂഹത്തിലെ ഇതര തലങ്ങളിലേയ്ക്കു വ്യാപിക്കുന്നതിനു കാലതാമസമോ, വിഘാതമോ ഉണ്ടാകുന്നില്ല. ഇന്നും പ്രചാരത്തിലിരിക്കുന്ന മിത്തുകളും ഒട്ടേറെ പുരാണകഥകളും ലോകത്തെവിടേയും നടന്നിട്ടുള്ള ഇത്തരം ഈശ്വരസങ്കല്പവ്യതിയാനങ്ങളെക്കുറിച്ച് സൂചനകൾ നൽകുന്നു.

മാർഡുക്ക് (Marduk) എന്ന പോരാളിത്തലവന്റെ ബാബിലോണിയൻ കഥ ഇപ്രകാരത്തിലുള്ളതാണ്. ഈ പോരാളി പ്രപഞ്ചത്തെ സൃഷ്ടിക്കുന്നത് തിയാമത്ത് (Tiamat) എന്ന അമ്മദൈവത്തെ കീഴടക്കിയാണ്. ഭീകരരൂപിണിയായി ചിത്രീകരിച്ചിരിക്കുന്ന ഈ അമ്മദൈവത്തെ ചവുട്ടിപ്പിടിച്ച് രണ്ടായി പിളർന്ന് മാർഡുക്ക് ഒരു പകുതികൊണ്ട് ആകാശവും മറുപകുതികൊണ്ട് ഭൂമിയും സൃഷ്ടിച്ചുവത്രേ. പുരുഷൻ രൂപകല്പന ചെയ്യുന്ന പ്രപഞ്ചത്തിൽ സ്ത്രീ കീഴടക്കി കൊല്ലപ്പെടേണ്ടവളാകുന്നു എന്ന് ഈ കഥ സംവദിക്കുന്നുണ്ട്. ഹിന്ദു പുരാണത്തിലെ, അച്ഛനുവേണ്ടി അമ്മയെ വധിക്കുന്ന പരശുരാമകഥയും, അഹല്യയ്ക്കു ശാപമോക്ഷം നൽകുന്ന സർവ്വഗുണസമ്പന്നനായ പുരുഷദൈവവും നിലനിന്നിരുന്ന അമ്മ ദൈവങ്ങൾക്കു പകരം പുരുഷദൈവങ്ങളുടെ പ്രാധാന്യപ്രാമാണ്യങ്ങൾ സ്ഥാപിച്ചെടുക്കുന്ന സാമൂഹ്യപ്രവണതകളെ വെളിപ്പെടുത്തുന്നു. സർവാനുഗ്രഹദായിനികളായ അമ്മദൈവങ്ങൾക്കു പകരം, സ്ത്രീമാതൃകകളെ പാപത്തിന്റേയും പ്രലോഭനത്തിന്റേയും പ്രതീകങ്ങളാക്കി മാറ്റി. ഒട്ടുമിക്ക മതവീക്ഷണങ്ങളും ഈ ചിന്താഗതി വ്യാപിപ്പിക്കുന്ന

തിനു അനുകൂലമായ നിലപാടുകളാണെടുത്തിട്ടുള്ളത്.

ഈശ്വരസങ്കല്പങ്ങളിലും മതവീക്ഷണങ്ങളിലും വന്നുചേർന്ന സ്ത്രീസ്ഥാന പരിണാമങ്ങൾ, സ്ത്രീസ്വത്വത്തെ അധഃസ്ഥാനീയമാക്കി. സ്ത്രീയുടെ സഹജഭാവങ്ങളും അടിസ്ഥാന ചോദനകളും ചോദ്യംചെയ്യപ്പെട്ടു. ഗോളങ്ങൾ തിരിയുകയും ജീവൻ ഉറവയെടുക്കുകയും ചെയ്യുന്ന പ്രകൃതിക്കും സ്ത്രീയോടുതന്നെയായിരുന്നു സാമ്യം. എങ്കിലും ഈ ജീവദായകത്വത്തിന്റേയും അനുബന്ധകർമ്മങ്ങളുടേയും പേരിൽത്തന്നെ സ്ത്രീ മൂല്യരഹിതയാക്കപ്പെട്ടു. പ്രസവം, ശിശുപരിപാലനം, കുടുംബ നടത്തിപ്പ് എന്നീ സ്ത്രീ അദ്ധ്വാനങ്ങളെ സ്ത്രീയുടെ അബലത്വത്തിനുള്ള കാരണങ്ങളാക്കി മാറ്റി. പുരുഷൻ നായാട്ടും യുദ്ധവും ചെയ്തു തുടങ്ങിയതോടെയാണ് ഈ മാറ്റം ആരംഭിച്ചത്. കൂടുതൽ ശക്തിയും ഊർജ്ജവും അവകാശപ്പെടാവുന്ന ഇത്തരം പ്രവൃത്തികൾ ആദർശവൽക്കരിക്കപ്പെട്ടു. കുടുംബം എന്ന സ്ഥാപനത്തിന്റെ രൂപീകരണം സ്ത്രീ-പുരുഷ അദ്ധ്വാനമേഖലകളെ കൃത്യമായി നിർണ്ണയിക്കുകയും നിജപ്പെടുത്തുകയും ചെയ്തു. കുടുംബനടത്തിപ്പിനായുള്ള സമ്പാദനപ്രവൃത്തികൾ ചെയ്യുന്ന പുരുഷ അദ്ധ്വാനങ്ങൾക്കു മുമ്പിൽ, ഉൽപന്നങ്ങളുടെ കൈകാര്യകർത്തൃത്വം വീട്ടിനകത്തുവച്ചു നടത്തുന്ന സ്ത്രീ പ്രവൃത്തികൾ അടിമവേലകൾക്കു സമാനമായി.

പുരുഷമേധാവിത്വസമൂഹം ദ്വന്ദ്വങ്ങളിലൂടെയാണ് ചുറ്റുപാടുകളെ തിരിച്ചറിയുന്നത്. സൂര്യൻ/ചന്ദ്രൻ, മനസ്സ്/ശരീരം, പുരുഷൻ/സ്ത്രീ, യുക്തി/ഭാവന, ബുദ്ധി/ വികാരം എന്നിങ്ങനെയുള്ള വിപരീതാവസ്ഥകൾ സമൂഹത്തിൽ കൊണ്ടുവന്നതു ദെക്കാർത്തിയൻ സങ്കല്പങ്ങളാണ്. ദ്വന്ദ്വങ്ങളിലൂന്നിയ ഈ കാഴ്ചപ്പാട് പുരുഷനെ സംസ്ക്കാരം, മനസ്സ്, യുക്തി, ബുദ്ധി എന്നിവയുമായും സ്ത്രീയെ പ്രകൃതി, വികാരം, ഭാവന, ശരീരം എന്നിവയുമായും ബന്ധിപ്പിച്ചു. ഈ ശ്രേണിയിൽ പുരുഷനും പുരുഷഗുണങ്ങൾക്കും മേൽസ്ഥാനം ലഭിക്കുകയും ചെയ്തു. തുടർന്നുവന്ന നവോത്ഥാന ശ്രമങ്ങൾക്കൊന്നും തമസ്ക്കരിക്കാൻ കഴിയാതിരുന്ന ഈ ദ്വന്ദ്വാവസ്ഥ, പതിനാറ് പതിനേഴ് നൂറ്റാണ്ടുകളിൽ പ്രബലമായ യാന്ത്രിക ദർശനം, കൂറേക്കൂടി തീവ്രമാക്കി. പ്രകൃതി, സ്ത്രീ എന്നിവയുടെ ഉപഭോഗസാധ്യതകളെ കണ്ടെത്തുന്നതിലും അവ പ്രാവർത്തികമാക്കുന്നതിലും വിജയിക്കുകയും ചെയ്തു. വെങ്കല യുഗത്തിനുശേഷം ഉയിർക്കൊണ്ട ഒരു തരം യുദ്ധോന്മുഖ വിശ്വാസപദ്ധതി (Warrior

Cult)യാണ് ഇപ്രകാരം പ്രകൃതിയേയും സ്ത്രീയേയും ഒരുപോലെ അധസ്ഥാനീയരാക്കുന്ന കാഴ്ചപ്പാടിന് തുടക്കം കുറിച്ചത്.

പ്രകൃതിയേയും സ്ത്രീയേയും പ്രാന്തവൽക്കരിക്കാൻ തുടങ്ങിയ സാമൂഹ്യക്രമത്തിനു കുടുംബം എന്ന സ്ഥാപന രൂപീകരണമായും, ഉപജീവനമാർഗ്ഗമെന്ന നിലയിൽ കൃഷിയെ കണ്ടുതുടങ്ങിയതുമായും ബന്ധമുണ്ട്. വേട്ടയാടലുമായി നടന്ന ആദിമനുഷ്യനു കുടുംബ ബന്ധങ്ങൾ അജ്ഞാതങ്ങളായിരുന്നു. ഗോത്രബന്ധങ്ങളിലൂടെയാണ് സാമൂഹ്യബന്ധം അന്നു നിലനിർത്തിയിരുന്നത്. പ്രകൃതിയോട് തികഞ്ഞ ആരാധനാ മനോഭാവവും വച്ചുപുലർത്തിയിരുന്നു.

കൃഷിയുടെ കണ്ടുപിടുത്തം നാടോടികളായ മനുഷ്യരെ, സ്ഥിര ആവാസകേന്ദ്രങ്ങളെക്കുറിച്ച് ചിന്തിപ്പിച്ചു. കൃഷിയിലൂടെ ലഭ്യമായ ആദായവും സമൃദ്ധിയും കൃഷിയിടങ്ങളോടുള്ള ആഭിമുഖ്യമനോഭാവങ്ങളെ വളർത്തി. ആദ്യമാദ്യം സ്ത്രീകളുടെ മാത്രം മേഖലയായിരുന്ന കാർഷികവൃത്തി, ഈ ഘട്ടത്തിൽ പുരുഷൻ ഏറ്റെടുക്കുകയും ചെയ്യുന്നു. കൃഷിയിൽ നടന്ന ഈ പുരുഷാധിപത്യം സമൂഹസ്വഭാവമായി മാറുന്നു. തങ്ങൾക്കില്ലാത്ത ഉർവ്വരതകൊണ്ട് ശ്രേഷ്ഠമായിരിക്കുന്ന പ്രകൃതിയേയും സ്ത്രീയേയും അധീനപ്പെടുത്തേണ്ടത് പുരുഷന്റെ ആവശ്യമായിത്തീർന്നു. അതുകൊണ്ടുതന്നെ അന്നുവരെ ഗോത്രത്തിന്റെ പൊതുസ്വത്തായിരുന്ന കൃഷിയിടങ്ങളും സ്ത്രീകളും സ്വകാര്യവൽക്കരിക്കപ്പെട്ടു. കുടുംബം എന്ന സ്ഥാപനത്തിൽ സ്ത്രീയേയും കുടുംബസ്വത്തെന്ന രീതിയിൽ കൃഷിയിടങ്ങളേയും സ്വകാര്യസ്വത്താക്കി മാറ്റുന്നു. കുടുംബത്തിനകത്ത് മാത്രം വ്യാപരിക്കുന്ന സ്ത്രീയുടെ അദ്ധ്വാനങ്ങൾ മൂല്യരഹിതങ്ങളും, സ്വത്തായി മാറിയ പ്രകൃതി എല്ലാ അലൗകിക ഭാവങ്ങളും തിരസ്ക്കരിക്കപ്പെട്ട വിപണന - ക്രയവിക്രയ വസ്തുവായും പരിണമിച്ചു.

ഇതിൽ നിന്നും പ്രകൃതിയുടേയും സ്ത്രീയുടേയും സ്ഥാനവിലോപങ്ങൾക്കു പ്രധാനമായും രണ്ട് കാരണങ്ങളാണ് പ്രവർത്തിച്ചിട്ടുള്ളത് എന്ന് കാണാം.

1. സമൂഹത്തിലെ പുരുഷാധിപത്യ പ്രവണതകളുടെ പ്രവർത്തനം.

2. മനുഷ്യസമുദായത്തിന്റെ ഉപഭോഗ സംസ്കൃതിയിലേയ്ക്കുള്ള ചുവടുമാറ്റം.

പരിസ്ഥിതിയേയും സ്ത്രീയേയും തദ്വാരാ സമൂഹത്തേയും കലുഷിതമാക്കുന്ന ഇത്തരം കാഴ്ചപ്പാടുകളെ പാരിസ്ഥിതിക സ്ത്രീവാദം തിരുത്തുവാൻ ശ്രമിക്കുന്നു.

## 1.4. പാരിസ്ഥിതിക സ്ത്രീവാദത്തിന്റെ പ്രാഥമികലക്ഷ്യങ്ങൾ

ഏറ്റവും ലളിതമായി പറഞ്ഞാൽ സ്ത്രീയ്ക്കും പ്രകൃതിക്കും മേലുള്ള അതിക്രമങ്ങൾ പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു എന്ന ധാരണയിൽ നിന്നുയിർക്കൊണ്ട, ഒരു സാമൂഹിക മാറ്റത്തിനായി ശബ്ദമുയർത്തുന്ന, പ്രായോഗിക സമീപനമാണ് പാരിസ്ഥിതിക സത്രീ വാദം. സ്ത്രീയ്ക്കും പ്രകൃതിക്കും തമ്മിലുള്ള ബന്ധങ്ങളെ പലരീതിയിൽ വിശകലനം ചെയ്യുന്ന ഈ ചിന്താപദ്ധതി *ഉപഭോഗസംസ്ക്കാരവും* പുരുഷാധിപത്യപ്രവണതകളും ഇവയ്ക്കുമേൽ എങ്ങനെയെല്ലാം തമസ്ക്കരണങ്ങൾ നടത്തുന്നു എന്നുള്ള സ്ത്രീ-പ്രകൃതി വാദികളുടെ അന്വേഷണങ്ങൾക്കു കൃത്യമായ രൂപരേഖ നൽകുന്നു. നിലനിൽക്കുന്ന പരി സ്ഥിതി ചിന്തകൾക്കു പ്രധാനമായ ചില തിരുത്തലുകൾ നടത്തുകയും, സ്ത്രീവാദങ്ങൾ അനുവർത്തിച്ചുവരുന്ന ശീലങ്ങളിൽ നിന്നും ശാഠ്യങ്ങളിൽ നിന്നും വ്യതിചലിച്ചുനിൽക്കു കയും ചെയ്യുന്ന, പരിസ്ഥിതി - സ്ത്രീവാദ ചിന്തകളാണ് പാരിസ്ഥിതിക - സ്ത്രീവാദം ഉൾക്കൊള്ളുന്നത്.

പാരിസ്ഥിതിക സ്ത്രീവാദത്തിന്റെ പ്രാഥമിക പാഠങ്ങളെ ഇങ്ങനെ ക്രോഡീകരിക്കാം[3]

1) സ്ത്രീയുടേയും പ്രകൃതിയുടേയും മേലുള്ള അധിനിവേശങ്ങൾക്കു പരസ്പരബന്ധ മുണ്ട്.

2) ഈ അധിനിവേശത്തിന്റെ സ്വഭാവങ്ങളുടെ തിരിച്ചറിവുകൾ സ്ത്രീ, പ്രകൃതി ഘടക ങ്ങളെക്കുറിച്ചുള്ള അധിക അറിവുകൾ നൽകുന്നു

3) സ്ത്രീവാദത്തിനു പരിസ്ഥിതി വീക്ഷണം അത്യന്താപേക്ഷിതമാണ്.

4) സ്ത്രീവാദചിന്തകൾ കലരാത്ത പരിസ്ഥിതി വീക്ഷണവും അപര്യാപ്തമാണ്.

പ്രകൃതി-സ്ത്രീബന്ധം പാരിസ്ഥിതിക സ്ത്രീവാദത്തിന്റെ പ്രധാന വിഷയമായതിനാൽ ഈ ബന്ധത്തിന്റെ അന്വേഷണങ്ങളും വിശദീകരണങ്ങളും ഈ ചിന്താപദ്ധതിയിൽ ഉൾക്കൊ

ള്ളുന്നുണ്ട്. തുടർന്നു പ്രകൃതി- സ്ത്രീ ബന്ധനിർവ്വചനങ്ങളിലുള്ള വ്യത്യസ്ത വീക്ഷണ ങ്ങളെ ചർച്ച ചെയ്യുന്നു.

## 1.5. പ്രകൃതി–സ്ത്രീ ബന്ധ ചർച്ചകൾ; പാരിസ്ഥിതിക സ്ത്രീവാദവീക്ഷണത്തിൽ

പ്രകൃതിയും സ്ത്രീയും തമ്മിൽ ഏറെ സാദൃശ്യങ്ങളുണ്ടെങ്കിലും ഈ ബന്ധം ദൈവ ശാസ്ത്രപരമോ, മനശ്ശാസ്ത്രപരമോ, സമൂഹപരമോ, സംസ്ക്കാരപരമോ എന്നതു സംബ ന്ധിച്ച് അഭിപ്രായഭേദങ്ങളുണ്ട്. മാത്രമല്ല, ഈ ബന്ധത്തിനു നൽകേണ്ട പ്രാധാന്യത്തെക്കു റിച്ചും അനുകൂല പ്രതികൂല അഭിപ്രായങ്ങളാണ് ഉള്ളത്.

സ്ത്രീയേയും പ്രകൃതിയേയും സാമ്യപ്പെടുത്തി ആദ്യം ചിന്തിച്ചത് സീമോങ് ദി ബുവ്വാ (Simone De Beauviour) ആണ്. ഇവരുടെ 'സെക്കന്റ് സെക്സ്' (Second Sex) എന്ന കൃതി പ്രകൃതി സ്ത്രീ സമാനതകളെ താത്ത്വികമായി വിശദീകരിക്കുന്നു. പുരുഷൻ സ്വന്തം ആസ്വാദനങ്ങൾക്കായി സ്ത്രീയേയും പ്രകൃതിയേയും ചൂഷണം ചെയ്യുകയും ഈ വിധ ത്തിൽ ആർജ്ജിച്ചെടുത്ത വിജ്ഞാനവും പ്രവർത്തന പദ്ധതികളുമായി മുന്നോട്ടുപോകു കയും ചെയ്തു. മറ്റൊരു തരത്തിൽ പറഞ്ഞാൽ പുരുഷൻ തന്റെ വ്യക്തിത്വത്തെ പ്രത്യക്ഷീ കരിക്കുന്നത് അപരമാക്കി മാറ്റിനിർത്തിയ പ്രകൃതിയോടും സ്ത്രീയോടുമുള്ള വിരോധാ ത്മാകമായ നിലപാടുകളിലൂടെയാണ്. ഈ ആശയങ്ങളെ സിമോങ് ഹെഗലിന്റേയും സാർത്രി ന്റേയും ചിന്തകളിൽ നിന്നാണ് രൂപപ്പെടുത്തിയിരിക്കുന്നത്. ഒരുവൻ തന്റെ സ്വതന്ത്രമായ നിലനിൽപിനും സ്വത്വാവിഷ്ക്കരണങ്ങൾക്കും അപരങ്ങളോട് വിരോധപരമായ നിലപാടു കളെ സ്വീകരിക്കേണ്ടിവരും. ഇങ്ങനെ എതിർപ്പുകളിലൂടെ അപരനെ മറികടന്ന് മാത്രമേ ലോകത്തിൽ നിലനിൽക്കാനാകൂ എന്ന് വിശ്വസിച്ചിരുന്ന സാർത്രിന്റെ ചിന്തകളുടെ വഴിപി ടിച്ച് സിമോങ് സ്ത്രീയേയും പ്രകൃതിയേയും അപരമാക്കി പുരുഷൻ, സമൂഹത്തിലും സംസ്ക്കാരത്തിലും ആധിപത്യം സ്ഥാപിച്ചു എന്നു പറയുന്നു. ഈ തരത്തിൽ സമരങ്ങ ളുടേയും കീഴടക്കലുകളുടേയും ചരിത്രമാണ് പുരുഷൻ സ്വന്തം ചരിത്രമായി വ്യാഖ്യാനിച്ചി രിക്കുന്നത്. അതുകൊണ്ടുതന്നെ ഇതരലിംഗമായിരിക്കുന്ന പദവിയെ അതിജീവിക്കണമെ ങ്കിൽ സ്ത്രീയ്ക്കു പ്രകൃതിയുമായുള്ള ബന്ധത്തെ അതിലംഘിക്കേണ്ടതുണ്ടെന്നു സിമോങ്

അഭിപ്രായപ്പെടുന്നു. പ്രകൃതിയല്ല സ്ത്രീയെ നിർവ്വചിക്കുന്നത് മറിച്ച് സ്ത്രീ വൈകാരികമായി പ്രകൃതിയോട് ഇടപെട്ട് സ്വയം നിർവചിക്കുകയാണ് ചെയ്യുന്നത്.[4]

പ്രകൃതിയ്ക്കും സ്ത്രീയ്ക്കും മേലുള്ള ഉടമസ്ഥാവകാശം ഉറപ്പിക്കുന്നതിനായി പുരുഷാധിപത്യസമൂഹം നിർമ്മിച്ചെടുത്തതാണ് പ്രകൃതി - സ്ത്രീ ബന്ധം. യഥാർത്ഥത്തിൽ സ്ത്രീയ്ക്കു മനുഷ്യസമൂഹത്തിൽ ഉൾപ്പെടുന്നു എന്നതുകൊണ്ട് പ്രകൃതിയേക്കാൾ പുരുഷനോടാണ് സാമ്യം വരേണ്ടത്. അതുകൊണ്ടുതന്നെ സ്ത്രീ/പുരുഷ ദ്വന്ദ്വത്തിലെ വ്യതിരിക്തതയെ അതിതരണം ചെയ്യുവാൻ സ്ത്രീ-പ്രകൃതി ബന്ധങ്ങളെ നിരാകരിക്കേണ്ടതുണ്ട് എന്ന അഭിപ്രായം തന്നെയാണ് റോസ്മേരി റാഡ്ഫോർഡ് റൂത്തിനും (Rosemary Radford Ruth) ഉള്ളത്.[5]

പക്ഷേ സ്ത്രീയും പ്രകൃതിയും തമ്മിലുള്ള ചിരപുരാതന വിശ്വാസങ്ങളെ ക്ഷണത്തിൽ ഇല്ലായ്മ ചെയ്യാൻ കഴിയില്ലെന്നു കരുതുന്ന ഷെറി ബി. ഓർട്ട്നറി(Sherry B. Ortner)ന്റെ അഭിപ്രായത്തിൽ സ്ത്രീ - പ്രകൃതിബന്ധങ്ങളിലല്ല, പ്രകൃതിക്കും സംസ്ക്കാരത്തിനും തമ്മിലുള്ള മധ്യസ്ഥയായി സ്ത്രീയെ കാണുന്ന രീതിയിലാണ് മാറ്റം വരുത്തേണ്ടത്.[6]

റാഡിക്കൽ സ്ത്രീവാദികളും സാംസ്ക്കാരിക സ്ത്രീവാദികളും സ്ത്രീ- പ്രകൃതിബന്ധത്തെ അംഗീകരിക്കുന്നവരാണ്. പ്രകൃതിയേയും സ്ത്രീയേയും തമ്മിൽ ബന്ധപ്പെടുത്തുന്ന ഗുണങ്ങൾ സാംസ്ക്കാരിക നിർമ്മിതികളല്ലെന്നും ജീവശാസ്ത്രപരവും വൈകാരികവുമായ അനുഭവങ്ങളിൽ നിന്നുൽപന്നമാകുന്നതാണെന്നും ഇക്കൂട്ടർ കരുതുന്നു. ഈ ഗുണങ്ങളിൽ മൂല്യം കണ്ടെത്താനാകാത്തതാണ് പ്രതിസന്ധികളുണ്ടാക്കുന്നതെന്നു മനസ്സിലാക്കുന്ന ഇവർ പ്രകൃതി-സ്ത്രീ ബന്ധങ്ങളെ അംഗീകരിക്കുക മാത്രമല്ല ഇത്തരം സ്ത്രൈണ ഗുണങ്ങളേ മെച്ചപ്പെട്ട സാമൂഹ്യബന്ധങ്ങളുണ്ടാക്കൂ എന്നും വിശ്വസിക്കുന്നു.

സ്ത്രീയും പ്രകൃതിയും തമ്മിൽ പറയപ്പെടുന്ന ജീവശാസ്ത്രപരമായ ബന്ധങ്ങളിൽ വിശ്വസിക്കുന്നില്ല എന്നു പ്രഖ്യാപിക്കുന്നവരാണ് സൂസൻ ഗ്രിഫിൻ (Susan Griffin). 'വുമൺ ആന്റ് നേച്ചർ' (Woman and nature) എന്ന ഗ്രന്ഥപരമ്പരയിൽ ഇവർ സ്ത്രീയ്ക്കു പ്രകൃതിയുമായി താദാത്മ്യം പ്രാപിക്കാനുള്ള കഴിവിനെ ശ്ലാഘിക്കുന്നുമുണ്ട്. പ്ലേറ്റോവിന്റെ 'റിപ്പബ്ലിക്കി' (The Republic)ലെ ദ്വന്ദ്വാത്മക ശ്രേണീകൃതാവസ്ഥയാണ് സ്ത്രീയുടെ

സ്ഥാനം പുരുഷന്റെ സ്ഥാനത്തേക്കാൾ താഴ്ന്നതാണെന്ന ചിന്താഗതി വളരാൻ ഇടയാക്കിയതെന്നു ഇവർ കുറ്റപ്പെടുത്തുന്നു.

സ്ത്രീ-പ്രകൃതി ബന്ധങ്ങളെക്കുറിച്ചുള്ള പാരിസ്ഥിതിക സ്ത്രീവാദത്തിന്റെ കാഴ്ചപ്പാടുകളെ ഇങ്ങനെ സംഗ്രഹിക്കാം.

1) സ്ത്രീയ്ക്കും പ്രകൃതിക്കും തമ്മിൽ ചരിത്രപരമായിത്തന്നെ സമാനതകൾ കല്പിച്ചിരിക്കുന്നു.

2) ഈ സമാനതാകല്പനകളുടെ അടിസ്ഥാനം ഇരു ഘടകങ്ങളുടേയും അടിസ്ഥാന സ്വഭാവമായ ജൈവികതയാണ്.

3) ഈ രണ്ട് ഘടകങ്ങൾക്കും സമൂഹത്തിൽ പ്രാധാന്യവും പ്രാമാണ്യവും നിലനിന്നിരുന്ന ഒരു പ്രാക്ചരിത്രമുണ്ട്. പ്രാക് മനുഷ്യന്റെ ആരാധനാരീതികളെ വിശകലനം ചെയ്താൽ ഈ വസ്തുത ബോധ്യപ്പെടുന്നതാണ്.

4) സ്വകാര്യസ്വത്തിന്റെ ആവിർഭാവം, ശാസ്ത്രമുന്നേറ്റം, ഭൗതികവാദം, ദ്വന്ദ്വാത്മകത, കണികാസിദ്ധാന്തം, കോളനിവൽക്കരണം തുടങ്ങിയ പുരുഷമേധാവിത്ത പ്രവണതകൾ സമൂഹത്തിൽ വേരൂന്നിയതോടെയാണ് സ്ത്രീയ്ക്കും പ്രകൃതിക്കും അധമത്വം വന്നുചേർന്നത്.

5) പാരിസ്ഥിതിക സ്ത്രീവാദം എന്ന ചിന്താപദ്ധതിക്കു ഉപോൽബലകമായത് പ്രകൃതിയുടേയും സ്ത്രീയുടേയും സമാന പീഡിതാവസ്ഥകളാണ്.

6) പ്രകൃതി-സ്ത്രീ ബന്ധങ്ങളെ അംഗീകരിക്കുകയും നിരാകരിക്കുകയും ചെയ്തുകൊണ്ടാണ് പാരിസ്ഥിതിക സ്ത്രീവാദസിദ്ധാന്തം വികസ്വരമാകുന്നത്.

പ്രകൃതി-സ്ത്രീബന്ധങ്ങളെ പല രീതിയിൽ വിശദീകരിക്കുന്ന പാരിസ്ഥിതിക സ്ത്രീവാദം നിലവിലിരുന്ന പരിസ്ഥിതി സ്ത്രീ വീക്ഷണങ്ങളെ തിരുത്തുകയും വ്യതിരിക്തമായ നിലപാടുകൾ വ്യക്തമാക്കുകയും ചെയ്തിട്ടുണ്ട്. തുടർന്ന് പാരിസ്ഥിതിക സ്ത്രീവാദം വിശദീകരിക്കുന്ന പരിസ്ഥിതി സ്ത്രീവാദവീക്ഷണങ്ങളെ പരിശോധിക്കുന്നു.

## 1.6. പാരിസ്ഥിതിക സ്ത്രീവാദത്തിലെ പരിസ്ഥിതി വീക്ഷണം

മനുഷ്യനും പ്രകൃതിയും തമ്മിലുള്ള ബന്ധത്തിന്റെ വ്യാപ്തിയും പ്രസക്തിയും പരിസ്ഥിതി വാദികൾ സദാ ബോധ്യപ്പെടുത്തുന്നുണ്ട്. കാടുകൾ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകതയെ കുറിച്ച് വാചാലനാകുന്ന ഒരു പരിസ്ഥിതിവാദി എന്തിനുവേണ്ടിയെന്നുള്ള ചോദ്യത്തിനു മനുഷ്യകുലത്തിന്റെ നിലനിൽപിനുവേണ്ടി എന്ന ഉത്തരത്തിന്റെ സ്വാർത്ഥതയിലാണ് എത്തുന്നത്. പ്രകൃതിവാദം മനുഷ്യകേന്ദ്രിതം മാത്രമാകുന്ന രീതിയാണിത്. ചിന്തിക്കാനുള്ള കഴിവിന്റെ വൈശിഷ്ട്യം ഉയർത്തിക്കാട്ടി പ്രകൃതിയുടെ മേൽ അവകാശം സ്ഥാപിക്കുന്ന മനുഷ്യന്റെ പ്രവണതകളെ അപലപിക്കുമ്പോഴും പരിസ്ഥിതി പാലനത്തിൽ മനുഷ്യതാൽപര്യങ്ങൾക്കു മുൻതൂക്കം നൽകുന്ന പ്രായോഗികമെന്നു വിശേഷിപ്പിക്കാവുന്ന ഈ പരിസ്ഥിതി സംരക്ഷണ നിലപാടിനെ ഉപരിപ്ലവപരിസ്ഥിതിവാദം[7] (Shallow Ecology) എന്നു വിശേഷിപ്പിക്കുന്നു.

1940 വരെ തുടർന്നുവന്ന ഈ പരിസ്ഥിതിബോധത്തെ വിമർശിച്ചുകൊണ്ട് ആൽദോ ലിയോപോൾഠ് (Aldo leo pold) 'ദി ലാന്റ് എതിക്സ്' (The Land Ethics) എന്ന ഗ്രന്ഥമെഴുതി. ഭൂമിയെ വ്യത്യസ്ത ഘടകങ്ങളുടെ പരസ്പരാശ്രിതത്വത്തിന്റെ അടിസ്ഥാനത്തിൽ സമഗ്രമായ ഒരു ജീവനവ്യവസ്ഥയായി കാണുവാൻ അദ്ദേഹം ഉദ്ബോധിപ്പിച്ചു. പരിസ്ഥിതി സംബന്ധിയായ ഒരു ധാർമ്മികതയെക്കുറിച്ച് ചിന്തിക്കുമ്പോൾ അതു മനുഷ്യപരിപ്രേക്ഷ്യത്തിൽ നിന്നല്ല പ്രകൃതി പരിപ്രേക്ഷ്യത്തിൽ നിന്നായിരിക്കണം ഉയർന്നുവരേണ്ടത് എന്നദ്ദേഹം അഭിപ്രായപ്പെട്ടു. ഈ തരത്തിൽ മനുഷ്യകേന്ദ്രിതത്വത്തിനു പകരം ജൈവകേന്ദ്രിതത്വത്തെ പ്രതിഷ്ഠിക്കുന്ന പരിസ്ഥിതി സമീപനമാണ് ഗഹനപരിസ്ഥിതിവാദമായി[8] (Deep Ecology) പരിണമിച്ചത്. പാരിസ്ഥിതികസ്ത്രീവാദം ഗഹനപരിസ്ഥിതിവാദ ചിന്തകളെയാണ് പിന്തുടരുന്നത്. കർക്കശനിയമങ്ങളേക്കാൾ ജീവിതത്തെക്കുറിച്ചുള്ള ശുഭചിന്തകൾകൊണ്ട് രൂപപ്പെടുത്തിയിട്ടുള്ളതാണ് ഗഹനപരിസ്ഥിതിവാദത്തിന്റെ വീക്ഷണങ്ങൾ.

കാന്റിയൻ തത്ത്വമനുസരിച്ച് സ്വാർത്ഥതാൽപര്യങ്ങൾക്കുമേൽ നിരോധനമേർപ്പെടുത്തിയാണ് പരിസ്ഥിതി മൂല്യങ്ങളെ സംരക്ഷിക്കേണ്ടത്. മനുഷ്യൻ ഭൂമിയിലുള്ള മറ്റൊന്നിനേക്കാളും മികച്ചതല്ല എന്ന തിരിച്ചറിവ്, മറ്റ് വർഗ്ഗങ്ങൾക്കു പുഷ്ടിയാർജ്ജിക്കാനുള്ള അവകാ

ശങ്ങളെ മുറിപ്പെടുത്താതെയുള്ള ജീവനത്തെ പ്രോത്സാഹിപ്പിക്കും. നോർവീജിയൻ തത്വജ്ഞാനിയും പ്രകൃതിവാദിയുമായ ആർനേ നേസ്സ് (Arne Naess) ഗഹനപരിസ്ഥിതിവാദത്തെ നിർവ്വചിക്കുന്നത് മനുഷ്യന്റെ നിലനിൽപിനു പൂർണ്ണതയും പ്രകൃതിയ്ക്കു സ്വാതന്ത്ര്യവും നൽകുന്ന ചിന്താപദ്ധതി എന്നാണ്.[9] മനുഷ്യനു പ്രകൃതിയിലുള്ള അവകാശത്തിന്റെ അതിരുകളെ കൃത്യമായി നിർണ്ണയിക്കുകയും പ്രകൃതിയിലെ ചരാചരങ്ങൾക്കെല്ലാം തുല്യാവസരം നൽകുകയും ചെയ്യുന്നതാണ് യഥാർത്ഥ പരിസ്ഥിതിദർശനം. ഈ ഗ്രഹവും ഇതിലെ ജീവിതവും ചാക്രികമാണ്. വളർച്ചയും ജീർണ്ണനവും അതിന്റെ അനിഷേധ്യസ്വഭാവങ്ങളുമാണ്. ജീർണ്ണനങ്ങൾക്കതീതനാണ് താനെന്ന മിഥ്യാബോധം മനുഷ്യനെ നിത്യതയ്ക്കായുള്ള വ്യർത്ഥമായ അന്വേഷണ വ്യഗ്രതകൾക്കു പ്രേരിപ്പിക്കുന്നു. മനുഷ്യന്റെ ഈ വ്യഗ്രത ഭൂമിയെ കൂടുതൽ കൂടുതൽ മലിനമാക്കുന്നു. ഇങ്ങനെയുള്ള വർത്തമാനകാല അവസ്ഥകളിൽ അടുത്ത തലമുറയ്ക്കായി ജീർണ്ണിച്ച് ഇടമൊഴിഞ്ഞുകൊടുക്കേണ്ടവരാണ് തങ്ങൾ എന്ന, മനുഷ്യർക്കുണ്ടാകേണ്ട വിനമ്രഭാവത്തെക്കുറിച്ച് ഗഹനപരിസ്ഥിതിവാദം ഓർമ്മിപ്പിക്കുന്നു.

പരിസ്ഥിതി ചർച്ചകളിൽ പാരിസ്ഥിതിക സ്ത്രീവാദികൾ ഗഹനപരിസ്ഥിതിവാദികളുമായി യോജിക്കുന്നുവെങ്കിലും സ്ത്രീപക്ഷതയുടെ വിശദീകരണം കൂടി സിദ്ധാന്തം ആവശ്യപ്പെടുന്നതുകൊണ്ട് ഗഹന പരിസ്ഥിതിവാദത്തിൽ ചില തിരുത്തലുകളും പൂരണങ്ങളും പാരിസ്ഥിതിക സ്ത്രീവാദം നിർദ്ദേശിക്കുന്നു.

## 1.7. ഗഹനപരിസ്ഥിതിവാദവും പാരിസ്ഥിതിക സ്ത്രീവാദവും തമ്മിലുള്ള വ്യത്യസ്തതകൾ

പരിസ്ഥിതി നാശത്തിന്റെ മൂലഹേതുവായി ഗഹനപരിസ്ഥിതിവാദം, മനുഷ്യകേന്ദ്രിത പരിസ്ഥിതി സമീപനങ്ങളെ കാണുമ്പോൾ, പാരിസ്ഥിതിക സ്ത്രീവാദം പുരുഷകേന്ദ്രിത സമീപനങ്ങളെയാണ് യഥാർത്ഥ പ്രശ്നങ്ങളായി വിലയിരുത്തുന്നത്. പാശ്ചാത്യ അതിഭൗതികവാദത്തേയും ജ്ഞാനോൽപാദനരീതിയേയും ധാർമ്മികതയേയും സംബന്ധിച്ച ധാരണകൾ പുനരവലോകനം ചെയ്യുവാൻ ഗഹന പരിസ്ഥിതി വാദത്തിനു കഴിഞ്ഞെങ്കിലും, അതിലെല്ലാം ചില പോരായ്മകളുണ്ടെന്ന് ഏരിയൽ കെയ് സാലേ (Ariel Kay Salleh) ചൂണ്ടി

ക്കാണിക്കുന്നു. നിലവിലുള്ള പരിസ്ഥിതി പ്രതിസന്ധികൾ, നൈസർഗ്ഗികതയിലും ലിംഗപരതയിലും സൃഷ്ടിക്കുന്ന പ്രശ്നങ്ങളെ അഭിമുഖീകരിക്കുന്നതിൽ നിന്നും ഗഹനപരിസ്ഥിതിവാദികൾ ഒഴിഞ്ഞുമാറുന്നതായി ഏരിയൽ സാലേ കുറ്റപ്പെടുത്തി.[10] സ്ത്രീയേയും സ്ത്രീപ്രശ്നങ്ങളേയും മനസ്സിലാക്കാൻ തയ്യാറാകാത്തിടത്തോളം കാലം ഗഹനപരിസ്ഥിതിവാദം അപൂർണ്ണമായിത്തന്നെയിരിക്കുമെന്നു പാരിസ്ഥിതിക സ്ത്രീവാദം കരുതുന്നു. പുരുഷമേധാവിത്ത സംസ്ക്കാരത്തിൽ നിന്നു വിടുതൽ നേടിയാലേ ഗഹനപരിസ്ഥിതിവാദം സങ്കല്പിക്കുന്ന രീതിയിൽ പ്രകൃതിയ്ക്കും മോചനം സാധ്യമാകൂ എന്നു പാരിസ്ഥിതിക സത്രീവാദം വിശ്വസിക്കുന്നു. അന്യവൽക്കരണങ്ങളും മേൽക്കോയ്മകളും നിരസിച്ച് പാരസ്പര്യത്തിലൂടെ ജീവസന്ധാരണം നടത്തുന്നതിനു പുരുഷമേധാവിത്വത്തിൽ നിന്നുള്ള മോചനം ആവശ്യമാണ്. ഗഹനപരിസ്ഥിതി വാദത്തിൽ നിന്നു വ്യത്യസ്തമായി പരിസ്ഥിതിയ്ക്കും സ്ത്രീയ്ക്കും തുല്യപ്രാധാന്യം നൽകുന്നതിൽ പാരിസ്ഥിതിക സ്ത്രീവാദം ശ്രദ്ധിക്കുന്നു. പരിസ്ഥിതിയെ പ്രതികൂലമായി ബാധിക്കുന്നു എന്നതിനാൽ ജനനനിയന്ത്രണമാർഗ്ഗങ്ങളെ ഗഹനപരിസ്ഥിതിവാദം പ്രോത്സാഹിപ്പിക്കുമ്പോൾ സ്ത്രീയുടെ നൈസർഗ്ഗികതയിലേയ്ക്കുള്ള കടന്നാക്രമണമാകുന്നു എന്നുള്ളതിനാൽ പാരിസ്ഥിതിക സ്ത്രീവാദം ഇതിനെ എതിർക്കുന്നു. ഇങ്ങനെ വരുമ്പോൾ പാരിസ്ഥിതിക സ്ത്രീവാദം വിഭാവനം ചെയ്യുന്ന സ്ത്രീവാദത്തെക്കുറിച്ചു വിശദീകരിക്കേണ്ടതുണ്ട്.

## 1.8 പാരിസ്ഥിതിക സ്ത്രീവാദത്തിലെ സ്ത്രീവാദം

പാരിസ്ഥിതിക സ്ത്രീവാദത്തിലെ സ്ത്രീവാദത്തെക്കുറിച്ച് ചിന്തിക്കുമ്പോൾ കാരൻ ജെ. വാറന്റെ (Karan J. Waran) അഭിപ്രായം പ്രസക്തമാകുന്നു.

> *"എല്ലാ സ്ത്രീവാദികളും സ്ത്രീകളുടെ മേലുള്ള അധീശത്വത്തെ വെറുക്കുകയും ആ അവസ്ഥയ്ക്കു മാറ്റം വരണമെന്നു ആഗ്രഹിക്കുകയും ചെയ്യുന്നു. എന്നാൽ ഈ അധീശത്വങ്ങളുടെ യഥാർത്ഥ കാരണം കണ്ടെത്തുന്നതിലും, എങ്ങനെയാണ് ഈ അവസ്ഥയ്ക്കു മാറ്റം വരുത്തേണ്ടത് എന്ന കാര്യത്തിലും വ്യത്യസ്ത അഭിപ്രായം വച്ചുപുലർത്തുന്നു."* [11]

സ്ത്രീവാദത്തിന്റെ ആദ്യതരംഗം സ്ത്രീ പുരുഷദ്വന്ദ്വത്തിലെ മേൽക്കോയ്മയ്ക്കെതിരായാണ് ശബ്ദമുയർത്തിയത്. സ്ത്രീയ്ക്കു പുരുഷനുമായുള്ള ഭൗതികമായ വ്യത്യസ്തതകൾ, സ്ത്രീ നേരിടുന്ന പ്രതികൂലാവസ്ഥകൾ ഇവ തിരിച്ചറിഞ്ഞ് സമത്വത്തിനായി പരിശ്രമിച്ച ഒരു പദ്ധതിയായി സ്ത്രീവാദത്തിന്റെ ആദ്യതരംഗത്തെ വിശേഷിപ്പിക്കാം. രണ്ടാം തരംഗത്തിൽ സ്ത്രീയുടെ അനുഭവം, ലൈംഗികത, സമൂഹത്തിൽ സർവ്വവ്യാപിയായ പുരുഷമേധാവിത്തം എന്നിവ വിഷയമാകുന്നു. സ്ത്രീപുരുഷ വ്യത്യാസങ്ങളെ ശാസ്ത്ര – സാമൂഹ്യ – മനശ്ശാസ്ത്ര പരിപ്രേക്ഷ്യങ്ങളിലൂടെ ഈ രണ്ടാം തരംഗം അപഗ്രഥിക്കുവാൻ ശ്രമിക്കുന്നുണ്ട്. തുടർന്ന് സ്ത്രീഗുണങ്ങളിൽ നിന്നു മേന്മയേറിയതല്ല പുരുഷഗുണങ്ങളെന്നു പ്രഖ്യാപിക്കുകയും ചെയ്യുന്നു. എന്നാൽ പാരിസ്ഥിതിക സ്ത്രീവാദത്തിലെ സ്ത്രീവാദം ഈ അവസ്ഥയ്ക്കും അതീതമായി സ്ത്രൈണതയെ അതിനാൽത്തന്നെ ആഘോഷമായി മാറ്റിയെടുക്കുന്നു. അതിനോടൊപ്പം സ്ത്രീവാദചർച്ചകളെ പ്രതിഷേധ മത്സരങ്ങളിൽ നിന്നും മാറ്റിനിർത്തി സഹവർത്തിത്വത്തിന്റേതായ ഒരു ഭൂമികയിൽ പ്രതിഷ്ഠിക്കുകയും ചെയ്യുന്നു. പുരുഷനെയല്ല പുരുഷാധിപത്യ പ്രവണതകളെയാണ് പാരിസ്ഥിതിക സ്ത്രീവാദികൾ പ്രതിസ്ഥാനത്തു നിർത്തുന്നത്.

സ്ത്രീവാദത്തിന്റെ വിവിധ ഭാഷ്യങ്ങളായ ലിബറൽ, റാഡിക്കൽ, മാർക്സിസ്റ്റ്, സോഷ്യലിസ്റ്റ് സമീപനങ്ങളിൽ സോഷ്യലിസ്റ്റ് ഫെമിനിസത്തിന്റെ സിദ്ധാന്തങ്ങളാണ് പാരിസ്ഥിതിക സ്ത്രീവാദത്തിന്റെ സിദ്ധാന്തങ്ങൾക്കു അടിസ്ഥാനമാകുന്നത്. സമൂഹത്തിലെ ദ്വന്ദ്വഭാവങ്ങളെ മൗലികമായി എതിർത്തുകൊണ്ടാണ് സോഷ്യലിസ്റ്റ് ഫെമിനിസം കടന്നുവരുന്നത്. പുരുഷൻ/സ്ത്രീ, മുതലാളി/തൊഴിലാളി എന്നീ ദ്വന്ദ്വങ്ങളുടെ നിരാസത്തിലൂന്നുന്ന സോഷ്യലിസ്റ്റ് ഫെമിനസത്തിനു, മനുഷ്യൻ/ മനുഷ്യേതരം എന്ന ദ്വന്ദ്വത്തെക്കുറിച്ചു ചിന്തകളുണ്ടായിരുന്നില്ല. പാരിസ്ഥിതിക സ്ത്രീവാദം ഇത് കൂടി ഉൾപ്പെടുത്തുന്നു.

സോഷ്യലിസ്റ്റ് ഫെമിനിസത്തിന്റെ തുടർച്ച അവകാശപ്പെടുന്നതുകൊണ്ടാകാം, പാരിസ്ഥിതിക സ്ത്രീവാദ ചർച്ചകളിൽ സാമൂഹ്യ ഉച്ചനീചത്വങ്ങൾ പ്രത്യേക പ്രാധാന്യമർഹിക്കുന്നു. പാശ്ചാത്യ സ്ത്രീപക്ഷവാദം സ്ത്രൈണാനുഭവങ്ങളിലെ സാർവ്വലൗകികതയെക്കുറിച്ച് പറയുമ്പോഴും, വെളുത്ത വർഗ്ഗക്കാരികളായ സ്ത്രീകളുടെ പ്രശ്നങ്ങൾ മാത്രമാണ്

വിഷയമാക്കുന്നതെന്ന ആരോപണം നിലനിൽക്കുന്നുണ്ട്. പാരിസ്ഥിതിക സ്ത്രീവാദം ഇതിൽ നിന്നെല്ലാം വ്യത്യസ്തമായി സമൂഹത്തിൽ പ്രാന്തവൽക്കരിക്കപ്പെടുന്ന കൂട്ടങ്ങളെയെല്ലാം സിദ്ധാന്തത്തിന്റെ പരിധിയിൽകൊണ്ടുവരുന്നു. സിദ്ധാന്ത ചർച്ചയിലെ സ്ത്രീപദവികളെ, അവരുടെ വർണ്ണ, വർഗ്ഗ, ആർത്ഥിക പശ്ചാത്തലങ്ങൾകൂടി ഉൾപ്പെടുത്തിക്കൊണ്ടാണ് പാരിസ്ഥിതിക സ്ത്രീവാദം നിർദ്ധാരണം ചെയ്യുന്നത്.

പരിസ്ഥിതി - സ്ത്രീ ഘടകങ്ങളെക്കുറിച്ച് പാരിസ്ഥിതിക സ്ത്രീവാദത്തിനുള്ള ഈ അഭിപ്രായങ്ങളെ ഈ സിദ്ധാന്തത്തിന്റെ മുൻധാരണകളായി ക്രോഡീകരിക്കപ്പെട്ട വസ്തുതകൾ കൂടുതൽ വ്യക്തമാക്കുന്നു.

## 1.9. പാരിസ്ഥിതിക സ്ത്രീവാദത്തിന്റെ മുൻധാരണകൾ

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ ഇക്കോളജിയിൽ വച്ച് പാരിസ്ഥിതിക സ്ത്രീവാദത്തിന്റെ ചില മുൻധാരണകളെ ജാനിസ് ബർക്ക്ലാന്റും (Janis Birkland) നെസ്ത്രാകിങ്ങും (YnestreKing) ചേർന്ന് രൂപകല്പന ചെയ്തിട്ടുണ്ട്. അവ ഇങ്ങനെയാണ്.

1. പരിസ്ഥിതി - സ്ത്രീ എന്നീ ഘടകങ്ങളുടെ നിലനിൽപിനും നീതിയ്ക്കും സാമൂഹ്യ പുനർനിർമ്മിതി (Social transformation) ആവശ്യമാണ്. ഈ സാമൂഹ്യപുനർനിർമ്മിതി, സമൂഹത്തിലെ സാംസ്ക്കാരിക വൈവിധ്യങ്ങൾ, സമത്വം, അഹിംസ തുടങ്ങിയ മൂല്യങ്ങളെ ഉൾക്കൊള്ളുന്നതായിരിക്കണം. സമൂഹത്തിൽ നിലനിൽക്കുന്ന അധികാര കേന്ദ്രിതമായ ശ്രേണീബന്ധങ്ങളെ പാരസ്പര്യങ്ങളും (Mutuality) അഭിമുഖീകരണങ്ങളും (reciprocals) ആയി മാറ്റിയെടുക്കണം. ഇതു പറയുമ്പോഴും അധിനിവേശങ്ങൾക്കെതിരായുള്ള ആഗോളമുന്നേറ്റത്തിൽ ഭാഗഭാക്കാകുന്നതും, എല്ലാ തരത്തിലുള്ള അധീശങ്ങളേയും എതിർക്കുന്നതുമായ സാമൂഹ്യ പുനർനിർമ്മിതിയാണ് ഉദ്ദേശിക്കുന്നത്.

2) ഈ സാമൂഹ്യ പുനർനിർമ്മിതിയിൽ ബൗദ്ധിക പുനർനിർമ്മിതികൂടി ഉൾപ്പെടുത്തേണ്ടതുണ്ട്. ശ്രേണീകരണമാണ് സമൂഹത്തിൽ വിടവുകൾ സൃഷ്ടിക്കുന്നത്. ബുദ്ധിപരതയുടേയും വിവേകത്തിന്റേയും സംസ്ക്കാര വിശേഷങ്ങളുടേയും താരതമ്യങ്ങളിലൂടെയാണ് ഒരു വിഭാഗത്തെ മഹത്ത്വവൽക്കരിക്കുകയും മറുഭാഗത്തെ തമസ്ക്കരിക്കുകയും ചെയ്യുന്ന

ശ്രേണീകരണങ്ങൾ രൂപപ്പെട്ടത്. ഈ ശ്രേണിയിൽ സ്ത്രീ, പ്രകൃതി എന്നിവയെ ധിഷണ, വിവേകം എന്നിവയുടെ മറുപക്ഷത്തിൽ അവരോധിച്ചു. ഈ തരത്തിൽ സ്ത്രീയും പ്രകൃതിയും ഉൾപ്പെടുന്ന അപരവിഭാഗത്തെ ഉൽകൃഷ്ടങ്ങളിൽ നിന്നും വേർപെടുത്തുന്ന ദ്വൈത ചിന്തയെ പാരിസ്ഥിതിക സ്ത്രീവാദം എതിർക്കുന്നു.

3) ഉപയോഗിതയിലൂന്നിയ പ്രകൃതി പാഠങ്ങൾക്കു പകരം പാരസ്പര്യവും പരസ്പരാശ്രിതത്വവും കൊണ്ടുവരേണ്ടതിനെക്കുറിച്ച് ബോധ്യപ്പെടുത്തേണ്ടതുണ്ട്. പ്രകൃതിയോട് അധിനിവേശഭാവമല്ല ആഭിമുഖ്യമാണ് വേണ്ടത്.

4) ഏതൊന്നിന്റേയും സ്വതന്ത്രനിലനിൽപിലും വൈവിധ്യത്തിലുമാണ് പരിസ്ഥിതി നീതികൾ സാധുവാകുന്നത്. നിലനിൽപിനു വൈവിധ്യങ്ങളുടെ അംഗീകരണം അത്യന്താപേക്ഷിതമാണ്. ഈ പരിസ്ഥിതിപാഠം മനുഷ്യാവസ്ഥകൾക്കും ബാധകമാണെന്നു പാരിസ്ഥിതിക സ്ത്രീവാദം കരുതുന്നു. ലിംഗവർണ്ണ ആർത്ഥിക വ്യത്യാസങ്ങൾ ഉത്കർഷാപകർഷങ്ങളെ നിർണയിക്കുന്നതിനുള്ള മാനദണ്ഡമാക്കുന്നതിന്റെ വ്യർത്ഥത പാരിസ്ഥിതിക സ്ത്രീവാദം ഓർമ്മിപ്പിക്കുന്നു. പദവി, വർഗ്ഗം, ലിംഗം, മതം, ദേശം എന്നിവയുടെ മേൽ ശക്തിയും അധികാരങ്ങളുമുപയോഗിച്ച് അധിനിവേശപ്പെടുത്തി മർദ്ദിതവിഭാഗങ്ങളാക്കി മുഖ്യധാരകളിൽ നിന്നു പ്രാന്തവൽക്കരിക്കുന്നതിനെ എതിർക്കുന്ന പാരിസ്ഥിതിക സ്ത്രീവാദം മറ്റൊരു തരത്തിൽ പറഞ്ഞാൽ സമൂഹത്തിലെ പ്രാന്തവൽക്കരിക്കപ്പെടുന്ന എല്ലാ വിഭാഗങ്ങൾക്കും വേണ്ടി നിലനിൽക്കുന്ന തത്ത്വശാസ്ത്രമാകുന്നു.

ഇങ്ങനെ വായിച്ചെടുക്കുമ്പോൾ പാരിസ്ഥിതികസ്ത്രീവാദം അതിന്റെ പ്രാരംഭ ദശകങ്ങളിൽ തന്നെ പരിസ്ഥിതി, സ്ത്രീ എന്നീ വിഷയങ്ങൾക്കതീതമായി വികസ്വരമാകുന്നുണ്ട് എന്നു കാണാം. കാരൻ വാരൻ ആണ് പാരിസ്ഥിതിക സ്ത്രീവാദത്തിന്റെ ഇതരസാമൂഹ്യ പരിപ്രേക്ഷ്യങ്ങളെക്കുറിച്ച് വിശദീകരിക്കുന്നത്. ഇവർ ഈ ചിന്താപദ്ധതിയിൽ ഒരു രൂപാന്തരീകരണം വിഭാവനം ചെയ്യുന്നു. പാരിസ്ഥിതിക സ്ത്രീവാദം പരിസ്ഥിതി വാദത്തിന്റെ തുടർച്ചയോ സ്ത്രീവാദത്തിന്റെ തുടർച്ചയോ ആകാം. എന്നാൽ പാരിസ്ഥിതിക സ്ത്രീവാദത്തിന് ആധമർണ്ണ്യം ഉണ്ടെന്നു പറയപ്പെടുന്ന സാമൂഹ്യ സ്ത്രീവാദം (social feminism) വിശകലനം ചെയ്ത ലിംഗ ആർത്ഥിക ഘടകങ്ങൾക്കു പുറമെ സമൂഹത്തിൽ അടിമപ്പെട്ടു

പോകുന്ന ഇതരഘടകങ്ങളുടെ അവസ്ഥകളെയെല്ലാം ഈ രൂപാന്തരീകരണ സ്ത്രീവാദം ഉൾപ്പെടുത്തുന്നു. സമൂഹത്തിലെ വിവിധ തലങ്ങളിലുള്ള അധീശ അധികാരങ്ങളെ ചോദ്യം ചെയ്യുന്ന പദ്ധതിയാണ് വാരൻ മുന്നോട്ടുവയ്ക്കുന്നത്. ചോദ്യം ചെയ്യുകയും പ്രതിരോധിക്കുകയും ചെയ്യുമ്പോഴും പാരസ്പര്യത്തിന്റെ സാധ്യതകളേയും ആവശ്യങ്ങളേയും തള്ളിക്കളയുന്നുമില്ല. പരമ്പരാഗതമായി സ്ത്രൈണമെന്നു കൽപിച്ചിരിക്കുന്ന ധർമ്മങ്ങൾ, പരിസ്ഥിതിയും സമൂഹവും നിലനിർത്താനാഗ്രഹിക്കുന്ന മൂല്യങ്ങൾ ഇവയെ പാരിസ്ഥിതിക സ്ത്രീവാദം മാനിക്കുന്നുമുണ്ട്.

വികസന സാമ്പത്തികശാസ്ത്ര മേഖലയിൽ പ്രവർത്തിക്കുന്ന സാമൂഹ്യശാസ്ത്രജ്ഞയായ മരിയ മേയ്സ് (Maria Maies), ആത്മീയതയിൽ താൽപര്യമുള്ള ഭൗതികശാസ്ത്രജ്ഞയായ വന്ദനശിവ എന്നിവർ സ്ത്രീയുടെ സ്ത്രൈണധർമ്മങ്ങളുടെ പ്രത്യേകതകൾ തന്നെ, പരിസ്ഥിതിയെക്കുറിച്ച്, സ്ത്രീ പുരുഷനേക്കാൾ ആകുലപ്പെടുവാൻ പ്രേരിപ്പിക്കുന്നു എന്നു നിരീക്ഷിക്കുന്നുണ്ട്. വായു, മണ്ണ്, ജലം, അഗ്നി എന്നിവയെ സംബന്ധിച്ചെല്ലാം പുരുഷനേക്കാൾ സ്ത്രീ ഉൽക്കണ്ഠപ്പെടുന്നു. തൊഴിലിൽ നിന്നുള്ള ഉൽപന്നങ്ങൾ, പ്രകൃതി, സഹജീവികൾ എന്നല്ല തന്നിൽ നിന്നു തന്നെ സ്വയം അന്യവൽക്കരിക്കുന്നതാണ് മുതലാളിത്ത ആൺകോയ്മാ സംസ്ക്കാരങ്ങൾ എന്നു മരിയ മേസും വന്ദനശിവയും ചൂണ്ടിക്കാട്ടുന്നു. മുതലാളിത്ത ആൺകോയ്മാ സംസ്ക്കാരത്തിന്റെ അധീശമനോഭാവത്തിനെതിരെ സ്ത്രീകൾ കൂട്ടായ്മയോടെ പ്രവർത്തിക്കേണ്ടതിന്റെ അനിവാര്യത വന്ദനശിവ എടുത്തുപറയുന്നുണ്ട്. ഹൈന്ദവദർശനങ്ങളിലെ ശിവ-ശക്തി സൂചകത്തെ വന്ദനശിവ വിശദീകരിക്കുന്നുണ്ട്.[12] ഭൂമി, ജലം, വനം എന്നീ ഘടകങ്ങൾക്കു മേലുള്ള സ്ത്രീജാഗ്രതയെ സാംസ്ക്കാരികമായും മതപരമായും സാക്ഷ്യപ്പെടുത്തുകയും ത്വരിതപ്പെടുത്തുകയും ചെയ്യുന്ന സൂചകമാണ് ശക്തി. ശിവശക്തി എന്ന പ്രതീകം ഒരു ഭാഗത്താൽ ഓരോ വ്യക്തിയിലുമുള്ള അടിസ്ഥാനപരമായ ശക്തി വിശേഷണങ്ങളും മറുഭാഗത്താൽ പ്രകൃതിയിലെ ഊർജ്ജത്തെ ആകമാനവും പ്രതിനിധീകരിക്കുകയും ചെയ്യുന്നു.

പരിസ്ഥിതി നശീകരണത്തിന്റെ ദുരിതങ്ങൾ പ്രഥമമായും പ്രധാനമായും പ്രത്യക്ഷത്തിൽ ബാധിക്കുന്നതു സ്ത്രീകളെയാണ്. വനനശീകരണമെന്നാൽ ജലത്തിനായി സ്ത്രീ

സഞ്ചരിക്കേണ്ട ദൂരം ഇരട്ടിയോ മൂന്നിരട്ടിയോ ആയി അധികരിക്കുന്നു എന്നാണ് അർത്ഥം. അതുകൊണ്ടുതന്നെ വൃക്ഷങ്ങളെ, വനത്തെ സംരക്ഷിക്കുവാൻ സ്ത്രീകൾ തന്നെ മുന്നിട്ടിറങ്ങണമെന്നു പാരിസ്ഥിതിക സ്ത്രീവാദികൾ കരുതുന്നു. ഇന്നു പ്ലാച്ചിമടയിൽ നടക്കുന്ന സമരങ്ങളിൽ മയിലമ്മയ്ക്കുള്ള പ്രസക്തിയെ ഇങ്ങനെ വായിച്ചെടുക്കേണ്ടതാണ്. റെനി എന്ന ഹിമാലയൻ ഗ്രാമത്തിൽ ഗ്രാമീണ സ്ത്രീകൾ മരങ്ങൾ കെട്ടിപ്പിടിച്ച്, മരംവെട്ടുകാരിൽ നിന്നു സംരക്ഷിക്കാൻ ശ്രമിച്ചതും ഇതിനെല്ലാം പ്രേരകമായ ചിപ്കോ (Chipco) പ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങളും പ്രത്യേകം പ്രസ്താവ്യമാണ്.

പാരിസ്ഥിതിക സ്ത്രീവാദം വിശ്വാസങ്ങളിലും സാമൂഹ്യക്രമങ്ങളിലും ചില അപനിർമ്മാണങ്ങൾ ഉദ്ദേശിക്കുന്നുണ്ട്. അവയെ ഇങ്ങനെ വിശദീകരിക്കാം.

## 1.10. പാരിസ്ഥിതിക സ്ത്രീവാദം ഉദ്ദേശിക്കുന്ന സാമൂഹ്യപരിവർത്തനങ്ങൾ

### 1.10.1. പരിസ്ഥിതിയിലെ സ്ത്രീപ്രാതിനിധ്യം

സ്ത്രീകേന്ദ്രിതമായ പരിസ്ഥിതി വീക്ഷണം പാരസ്പര്യത്തിനു ഊന്നൽ നൽകുമെന്നു പാരിസ്ഥിതിക സ്ത്രീവാദം കരുതുന്നു. സ്ത്രീപ്രാധാന്യമുള്ള കൃഷിരീതികൾ തിരിച്ചുവരേണ്ടതുണ്ട്. കാരണം സാമ്പത്തികലക്ഷ്യം മാത്രമുദ്ദേശിക്കുന്ന നാണ്യവിള കൃഷി രീതിയെ, മണ്ണിന്റെ അമിതചൂഷണത്തെ, അധിനിവേശങ്ങളെ അതിനായി നടത്തുന്ന സൈനിക വൽക്കരണങ്ങളെ സ്ത്രീ പ്രോത്സാഹിപ്പിക്കുകയില്ല. ഇത്തരം തിരിച്ചുപിടിക്കലുകൾക്കായി ചില പാരമ്പര്യരീതികൾ അനുവർത്തിക്കുന്നത് പ്രസക്തമാണെന്നു പാരിസ്ഥിതിക സ്ത്രീവാദം കരുതുന്നു. സിംബാബ്വാ (Zimbabwa), മാൾവ (Malwa) തുടങ്ങിയ പ്രദേശങ്ങളിൽ സ്ത്രീകൾ ദാർശനിക മധ്യസ്ഥരും ഭൂമിയുടെ രക്ഷാകർത്താക്കളുമായിരുന്നു. മഴയെ ക്ഷണിച്ചുവരുത്തുക, അതിന് ആഘോഷങ്ങൾ നടത്തുക, വിളകൾക്കു നന്ദി പറയുക, വനങ്ങളും നീരൊഴുക്കും സംരക്ഷിക്കുക ഇതെല്ലാം സ്ത്രീയിൽ നിക്ഷിപ്തങ്ങളായ ധർമ്മങ്ങളായിരുന്നു. പിന്നീടുവന്ന പുരുഷാധിപത്യസമൂഹം ഈ അവകാശങ്ങളെ നിരോധിക്കുകയും സ്ത്രീകളെ വൃക്ഷങ്ങൾ നടുന്നതിൽ നിന്നുപോലും വിലക്കുകയും ചെയ്തു. പാരി

സ്ഥിതിക സ്ത്രീവാദം നവനിയമനിർമ്മാണങ്ങളിലൂടെ, അവകാശ സംരക്ഷണങ്ങളിലൂടെ ഭൂമിയുടേയും ജലത്തിന്റേയും കൃഷിയുടേയും മേലുള്ള സ്ത്രീയുടെ അവകാശങ്ങളെ വീണ്ടെടുക്കാൻ ശ്രമിക്കുന്നു.

### 1.10.2. ഈശ്വരസങ്കല്പം

നിലവിലുള്ള ഈശ്വരസങ്കല്പങ്ങളെ പാരിസ്ഥിതിക സ്ത്രീവാദം തിരുത്താൻ ആഗ്രഹിക്കുന്നു. ഹീബ്രുവിലും ഗ്രീക്ക് റോമൻ ലോകങ്ങളിലും വേരുകളുള്ള ക്രിസ്ത്യൻമതം സ്ത്രീയ്ക്കും പ്രകൃതിക്കും അധമസ്ഥാനമാണ് കല്പിച്ചുനൽകിയിരിക്കുന്നത്. അതുകൊണ്ടുതന്നെ പാരിസ്ഥിതിക വാദം ഈ മതവിശ്വാസങ്ങളെ നിരാകരിക്കുന്നു. ഹിബ്രു ബൈബിളിലെ ഈശ്വരൻ പ്രപഞ്ചത്തിന്റെ സ്രഷ്ടാവും നാഥനും ആയിരുന്നതിനാൽ, ഭൂമിയ്ക്കു പുറത്തു ആവസിക്കുന്നവനും ലോകത്തിന്റെ അധീശനുമാണ്. ക്രിസ്തീയതയുടെ ഈ ഈശ്വരസ്ഥാപനത്തെ പാരിസ്ഥിതികസ്ത്രീവാദികൾ പറുദീസാ നഷ്ടമായി (Fall from Paradise) വ്യാഖ്യാനിക്കുന്നു. സ്ത്രീ പുരുഷന്മാർ തമ്മിൽ, പ്രകൃതിയും മനുഷ്യനും തമ്മിൽ സൗഹൃദം പുനഃസ്ഥാപിക്കുവാൻ പ്രപഞ്ച മാതാവ് (mother earth) എന്ന ആദിമാതൃദേവതാ സങ്കല്പത്തിലേയ്ക്കു മടങ്ങണമെന്നു പാരിസ്ഥിതിക സ്ത്രീവാദികൾ കരുതുന്നു. പുരുഷദൈവം സ്വർഗ്ഗസ്ഥനാണ്. ഭൂമിയുമായി താദാത്മ്യപ്പെടുന്ന ഈശ്വരസങ്കല്പം, മനുഷ്യനെ, ഭൂമിയെ, പ്രകൃതിയെ ആദരിക്കുവാൻ ശീലിപ്പിക്കും എന്നു പ്രതീക്ഷിക്കുന്നതുകൊണ്ടാണ് പാരിസ്ഥിതിക സ്ത്രീവാദികൾക്കു സ്വർഗ്ഗസ്ഥനായ പുരുഷദൈവത്തേക്കാൾ ഭൂമിയിലെ ഉർവ്വരതാപ്രതീകമായ അമ്മ ദൈവം ആരാധ്യയാകുന്നത്.

### 1.10.3. സമൂഹത്തിലെ ശ്രേണീബന്ധങ്ങൾ

പരിഷ്ക്കാരങ്ങൾ സൃഷ്ടിച്ച ദ്വന്ദ്വാത്മകതയാണ് പ്രകൃതിയേയും സ്ത്രീയേയും ഒരുമിച്ച് ചേർത്ത് ചിന്തിക്കുവാൻ പ്രേരിപ്പിച്ചത്. ഉപഭോഗസംസ്ക്കാരവും മുതലാളിത്തവും മറ്റ് തരത്തിലുള്ള ദ്വന്ദ്വങ്ങളേയും സമൂഹത്തിൽ സൃഷ്ടിച്ചു. ഉടമ/അടിമ, വെളുത്തവൻ/കറുത്തവൻ, പരിഷ്കൃതൻ/അപരിഷ്കൃതൻ എന്നിങ്ങനെ ഈ ദ്വന്ദ്വങ്ങൾ നീളുന്നു. അധിനിവേശങ്ങൾ കൂടുതൽ അപകടകരങ്ങളായ സാഹചര്യങ്ങൾ സൃഷ്ടിക്കുകയുണ്ടായി. അമിതമായ

ഉപഭോഗസംസ്ക്കാരത്തിലടിപ്പെടുന്ന, ലോകജനസംഖ്യയുടെ 10 ശതമാനം മാത്രമായ ഒന്നാം ലോകരാജ്യക്കാർ മൊത്തം ധനത്തിന്റെ 82 ശതമാനം ഉപയോഗിക്കുന്നു. ലോകത്തിൽ ബാക്കിയായ 90 ശതമാനം ജനങ്ങൾ ലോകസമ്പത്തിന്റെ 18 ശതമാനത്തിന്റെ മാത്രം ഉപഭോക്താക്കളാണ്. പാരിസ്ഥിതിക സ്ത്രീവാദികൾ ഇതര സ്ത്രീവാദികളിൽ നിന്നു വ്യത്യസ്തരായി സമൂഹത്തിലെ ഇത്തരം അസന്തുലിതങ്ങളെക്കുറിച്ച് ചിന്തിക്കുന്നു. ഒരു ന്യൂനപക്ഷം തങ്ങളുടെ ധാരാളിത്തത്തിനായി ഭൂമിയെ അധിക ഉപഭോഗത്തിനിരയാക്കുകയും തിരികെ ഭൂമിയെ മാലിന്യനിക്ഷേപങ്ങളാൽ വിഷലിപ്തമാക്കുകയും ചെയ്യുന്നു.

ചുരുക്കത്തിൽ മനുഷ്യകേന്ദ്രിതത്വം, പുരുഷാധിപത്യം, ജന്മിത്തം, വർഗ്ഗീയത, വിഭാഗീയത ഇവയാൽ സമൂഹത്തിൽ സൃഷ്ടിക്കപ്പെട്ടുന്ന ശ്രേണീബന്ധങ്ങളെ പാരിസ്ഥിതിക സ്ത്രീവാദം നിരാകരിക്കുന്നു. സാമൂഹ്യധർമ്മങ്ങളും അവയുടെ ഫലങ്ങളും തുല്യമായി വിഭജിക്കണം എന്നു നിർബന്ധിക്കുകയും ചെയ്യുന്നു. പരിഷ്കൃതലോകത്തിന്റെ മാലിന്യനിക്ഷേപം പ്രതിനിധാനം ചെയ്യുന്നതു, ദരിദ്രർക്കും അധസ്ഥിതർക്കും നേരെയുള്ള ചൂഷണങ്ങളാണ്.

### 1.10.4 അധിനിവേശങ്ങൾ

അധിനിവേശങ്ങളാണ് യഥാർത്ഥത്തിൽ പരിസ്ഥിതി പ്രശ്നങ്ങൾ കലുഷിതമാക്കിയത്. ഭൂമി ക്രയവിക്രയ വസ്തുവായി മാറിയ കാലഘട്ടത്തിൽ ഒന്നാംലോക രാജ്യങ്ങൾ ധനവും ശക്തിയും അധികാരചിഹ്നങ്ങളാക്കി ദരിദ്രഭൂമികളെ കയ്യേറി. ഈ കയ്യേറ്റങ്ങളിൽ കുടിയൊഴിപ്പിക്കപ്പെട്ടവരിൽ ഭൂരിഭാഗവും ആദിവാസികളായിരുന്നു. ഭൂമിയെ കൈമാറ്റവസ്തുവോ ചരക്കോ ആയി കാണുവാൻ സാധിക്കാത്ത ആദിവാസികൾക്കു കയ്യേറിയ ഭൂമികളുടെ വില നിശ്ചയിക്കാൻ അറിയില്ലായിരുന്നു. വായുവിനും മണ്ണിനും ജലത്തിനും എങ്ങനെ വിലയിടും എന്നു ആശങ്കപ്പെട്ടുകൊണ്ട് സിയാറ്റിനിലെ ഗോത്രമൂപ്പൻ ബ്രിട്ടീഷ് ഭരണാധികാരിക്കു എഴുതിയ കത്ത് വളരെ പ്രസക്തമാണ്. ഇപ്രകാരം പിടിച്ചടക്കലുകൾ പരിസ്ഥിതി നഷ്ടവും, കുടിയിറക്കപ്പെട്ടവരുടെ സ്വത്വനഷ്ടവുമാകുന്നു. മൂന്നാം ലോകരാഷ്ട്രങ്ങൾക്കു നേരെ, ആദിവാസികൾക്കുനേരെ ഒന്നാംലോക രാഷ്ട്രങ്ങൾ നടത്തുന്ന അധിനിവേശങ്ങളെ പാരിസ്ഥിതിക സ്ത്രീവാദം എതിർക്കുന്നു.

മറ്റേതൊരു ചിന്താപദ്ധതിയിലുമെന്നപോലെ പാരിസ്ഥിതിക സ്ത്രീവാദത്തിലും പല പിരിവുകൾ ഉണ്ടായിട്ടുണ്ട്. മുമ്പ് സൂചിപ്പിച്ച, സമൂഹമാറ്റത്തെക്കുറിച്ചുള്ള കാഴ്ചപ്പാടുകളുടെ ഏറ്റക്കുറച്ചിലുകളാണ് പിരിവുകൾക്കു നിദാനമായിട്ടുള്ളത്.

## 1.11. പാരിസ്ഥിതിക സ്ത്രീവാദത്തിന്റെ വിവിധ ചിന്താപദ്ധതികൾ

ലിബറൽ പാരിസ്ഥിതികസ്ത്രീവാദം (Liberal Ecofeminism), റാഡിക്കൽ പാരിസ്ഥിതിക സ്ത്രീവാദം (Radical Ecofeminism), സാംസ്ക്കാരിക പാരിസ്ഥിതിക സ്ത്രീവാദം (Cultural Ecofeminism) സോഷ്യലിസ്റ്റ് പാരിസ്ഥിതിക സ്ത്രീവാദം (Socialist Ecofeminism), മൂന്നാം തരംഗ പാരിസ്ഥിതിക സ്ത്രീവാദം (Third wave of Ecofeminism) എന്നിവയാണ് പാരിസ്ഥിതിക സ്ത്രീവാദത്തിലെ പ്രധാന വിഭാഗങ്ങൾ. തുടർന്ന് ഇവയെ വിശദീകരിക്കുന്നു.

### 1.11.1. ലിബറൽ പാരിസ്ഥിതിക സ്ത്രീവാദം

പുരുഷന്റെ പാരമ്പര്യാധിഷ്ഠിത മേൽക്കോയ്മകളെ അവസാനിപ്പിച്ച്, സ്ത്രീ സമത്വത്തിനു വേണ്ടി വാദിക്കുന്നതാണ് ഈ പദ്ധതി. ശാസ്ത്രം, നിയമം, സംരക്ഷണനടപടികൾ എന്നിവയിലൂടെ പരിസ്ഥിതി പ്രശ്നങ്ങൾ പരിഹരിക്കാമെന്നു വിശ്വസിക്കുന്ന ലിബറൽ പാരിസ്ഥിതിക സ്ത്രീവാദം, ഇതിനായി സ്ത്രീപുരുഷന്മാരുടെ സംയോജിത പ്രവർത്തനപദ്ധതി മുന്നോട്ടുവയ്ക്കുന്നു. ഈ പദ്ധതിയുടെ ന്യൂനത പരോക്ഷമായി, ശാസ്ത്രസാങ്കേതികവിദ്യകളുടെ സഹായത്തോടെ സ്ത്രീയും, പ്രകൃതിയെ കീഴടക്കുന്നതിൽ പുരുഷന്റെ പങ്കാളിയാകുന്നു എന്നുള്ളതാണ്.

### 1.11.2. റാഡിക്കൽ പാരിസ്ഥിതിക സ്ത്രീവാദം

ഈ ചിന്താപദ്ധതി പ്രകൃതിയ്ക്കും സ്ത്രീകൾക്കും മേലുള്ള അധീശത്വങ്ങൾക്ക് പുരുഷന്റെ ജീവശാസ്ത്രപരമായ ധർമ്മങ്ങളെ കാരണമാക്കുന്നു. ഇക്കൂട്ടർ പൊതുവെ പുരുഷപ്രത്യയശാസ്ത്രങ്ങളെ, പ്രകൃതിക്കും സ്ത്രീയ്ക്കും മേലുള്ള പുരുഷാധിപത്യപ്രവണതകളെ എല്ലാം എതിർക്കുന്നു. പ്രകൃതിയും സ്ത്രീയും മാത്രമല്ല, പാശ്ചാത്യസംസ്ക്കാരം തന്നെ പുരുഷനനുകൂലമായി പുനർനിർമ്മിച്ചതാണെന്നു ഇവർ കരുതുന്നു. പാശ്ചാത്യ സംസ്ക്കാരം മനുഷ്യത്വത്തെ നിർവ്വചിക്കുന്നതുതന്നെ അധീശത്വത്തിന്റെ ഭാഷയിലാണ്.

ഇതിനെ എതിർക്കുന്ന റാഡിക്കൽ പാരിസ്ഥിതിക സ്ത്രീവാദികൾ, പ്രകൃതിയിലും സംസ്കാരത്തിലും സ്ത്രീപുരുഷസമത്വത്തെ അനുവദിക്കുന്ന സമൂഹത്തെ പുനഃപ്രതിഷ്ഠിക്കുവാൻ ആഗ്രഹിക്കുന്നു. ഈ ചിന്താപദ്ധതിയുടെ ന്യൂനത, നിലനിൽക്കുന്ന വ്യവസ്ഥയുമായി യാതൊരുവിധത്തിലും സഹകരിക്കുന്നില്ല എന്നതാണ്. യുക്തി കണ്ടെത്താനാവാത്ത, പുരുഷമഹത്വത്തെ അപ്പാടെ തള്ളിക്കളയുന്ന റാഡിക്കൽ പാരിസ്ഥിതികസ്ത്രീവാദത്തിന്റെ എതിർപ്പുകൾ വൈകാരികതലത്തിൽ നിലനിൽക്കുന്നതുകൊണ്ട് ലഘൂകരിക്കപ്പെടുന്നു.

### 1.11.3. സാംസ്ക്കാരിക പാരിസ്ഥിതിക സ്ത്രീവാദം

ഈ ചിന്താപദ്ധതിയും പുരുഷാധിപത്യത്തെ എതിർത്തുകൊണ്ട് തന്നെയാണ് കടന്നുവരുന്നത്. ഒരാളുടെ സഹജാവബോധം അയാളുടേയോ സമൂഹത്തിന്റേയോ മാറ്റത്തിനു കാരണമാകാം എന്നു ചിന്തിക്കുന്ന ഇക്കൂട്ടർ, സ്ത്രീയുടെ ജൈവികധർമ്മങ്ങളിൽ ശ്രദ്ധ ചെലുത്തുകയും പ്രകൃതി കാണാതെ വിട്ടുകളഞ്ഞ സ്ത്രീധർമ്മങ്ങളുടെ പല നല്ല ഫലങ്ങളെ എടുത്തുപറയുകയും ചെയ്യുന്നു. സ്ത്രീയേയും പുരുഷനേയും പ്രധാനിയും അപരയുമെന്ന രണ്ട് വിരുദ്ധ ധ്രുവങ്ങളിൽ നിർത്തിക്കൊണ്ടുള്ള വിചിന്തനങ്ങളെ സാംസ്ക്കാരിക പാരിസ്ഥിതിക സ്ത്രീവാദം എതിർക്കുന്നു. ഇതിലൂടെ ഇവർ വിഭാവനം ചെയ്യുന്നത് പുരുഷാധിപത്യത്തിൽ നിന്നു വിടുതൽ നേടിയ, ജൈവഗുണങ്ങളെ മുൻനിർത്തിക്കൊണ്ടുള്ള, പ്രകൃതി- സ്ത്രീ ബന്ധങ്ങൾ സാധ്യമാക്കുന്ന സമൂഹ സൃഷ്ടിയെയാണ്. എങ്കിലും ഈ ചിന്താപദ്ധതിക്കു സ്ത്രീവാദഛായ മാത്രമാണുള്ളതെന്നുള്ള ന്യൂനത ഉണ്ട്.

### 1.11.4. സോഷ്യലിസ്റ്റ് പാരിസ്ഥിതിക സ്ത്രീവാദം

സ്ത്രീയുടെ ചരിത്രപരവും സാമ്പത്തികവുമായ സാമൂഹിക പദവിയെക്കുറിച്ച്, മാർക്സിസ്റ്റ് വിശകലനത്തോടുകൂടി ചിന്തിക്കുന്നവരാണ് സോഷ്യലിസ്റ്റ് പാരിസ്ഥിതിക സ്ത്രീവാദികൾ. സ്ത്രീയ്ക്കും പ്രകൃതിക്കും മേലുള്ള മുതലാളിത്ത പ്രതിഫലനങ്ങളെക്കുറിച്ച് ഇവർ ചിന്തിക്കുന്നു. ഈ ഘടകങ്ങളുടെ അടിമത്തത്തിന്റെ കാരണമായി കോളനിവൽക്കരണം പുരുഷമേൽക്കോയ്മ എന്നിവയെ കാണുന്ന ഇവർ, സാമൂഹ്യബന്ധങ്ങളെ അപനിർമ്മിക്കുന്നുണ്ട്. എന്നാൽ മനുഷ്യസമൂഹത്തെ മാത്രമാണ് ഉൾപ്പെടുത്തുന്നതെന്ന ന്യൂനത ഈ പദ്ധതിക്കുണ്ട്. സ്ത്രീയെ പ്രകൃതിയുടെ ഭാഗമായല്ല സമൂഹത്തിന്റെ ഉൽപന്നമായാണ് കാണുന്നത്.

### 1.11.5. മൂന്നാംതരംഗ പാരിസ്ഥിതിക സ്ത്രീവാദം

മുമ്പ് സൂചിപ്പിച്ച വിവിധ പ്രവർത്തനപദ്ധതികളിൽ നിന്നും ഗുണപരമായവയെ തെരഞ്ഞെടുത്ത് സംയോജിപ്പിച്ചുണ്ടാക്കിയ ചിന്താപദ്ധതിയാണിത്. മനുഷ്യസംസ്കാരത്തിലേയ്ക്കു സ്ത്രീയെ പൂർണ്ണമായും ഉൾപ്പെടുത്താനാകും എന്ന ലിബറൽ പാരിസ്ഥിതിക സ്ത്രീവാദത്തിന്റെ വീക്ഷണം, ഇപ്രകാരം സ്ത്രീയെ ഉൾപ്പെടുത്താനാവശ്യമായ ഒരു പുതിയ സംസ്കാര നിർമ്മിതിയുടെ ആവശ്യകതയിലൂന്നുന്ന റാഡിക്കൽ പാരിസ്ഥിതിക സ്ത്രീവാദത്തിന്റെ ചിന്തകൾ, സ്ത്രൈണാനുഭവങ്ങൾ, തിര്യക്കുകൾ എന്നിവയെ അംഗീകരിക്കുന്ന സാംസ്കാരിക പാരിസ്ഥിതിക സ്ത്രീവാദത്തിന്റെ താൽപര്യങ്ങൾ, അധികാരം മേധാവിത്വം ഇവയുടെ ഘടനയെ അപഗ്രഥിക്കുന്ന സോഷ്യലിസ്റ്റ് പാരിസ്ഥിതിക സ്ത്രീവാദത്തിന്റെ രീതികൾ ഇവയെല്ലാം ഇതിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു. വെള്ളക്കാരൊഴിച്ചുള്ള മറ്റെല്ലാ സ്ത്രീസമൂഹത്തേയും ഉൾപ്പെടുത്തുന്ന, പുരുഷമേധാവിത്ത സംസ്കാരത്തെ അപനിർമ്മാണം ചെയ്യുന്ന, സ്ത്രീകളുടെ ആരോഗ്യപരിപാലനത്തിൽ ശ്രദ്ധിക്കുന്ന, ശാസ്ത്രീയവും മൗലികവുമായ അറിവിന്റെ വിവിധ മാർഗ്ഗങ്ങളെ മുന്നോട്ടുവയ്ക്കുന്ന, സൈനികവൽക്കരണം അധിനിവേശങ്ങൾ എന്നിവയ്ക്കെതിരെ പോരാടുന്ന ഒന്നാണ് ഇവരുടെ പ്രവർത്തന പദ്ധതി.

ഏറ്റവും സമഗ്രമായ ഒരു പദ്ധതിയായി ഇതിനെ കാണാം. പാരിസ്ഥിതിക സ്ത്രീവാദം ഉൾക്കൊള്ളുന്ന വിഷയങ്ങളുടെ വ്യാപ്തിയെക്കുറിച്ച് മൂന്നാം തരംഗ പാരിസ്ഥിതിക സ്ത്രീവാദം സൂചനകൾ നൽകുന്നുണ്ട്. പരിസ്ഥിതി, സ്ത്രീ എന്നീ ഘടകങ്ങൾക്കപ്പുറം സിദ്ധാന്തം വികസ്വരമാകുന്നുണ്ട്. സിദ്ധാന്തത്തിന്റെ ഈ വികസ്വരത പാരിസ്ഥിതിക സ്ത്രീവാദത്തെക്കുറിച്ചുള്ള നിർവ്വചനങ്ങൾ വെളിപ്പെടുത്തുന്നു.

## 1.12. നിർവ്വചനങ്ങൾ

> *"പാരിസ്ഥിതിക സ്ത്രീവാദം നമ്മുടെ വ്യക്തിപരതയെ ലോപിപ്പിച്ച് പരസ്പരാശ്രിതഭാവത്തെ വളർത്തുന്നു."*[13]

പരസ്പാരശ്രിതത്വം പ്രകൃതിയുടെ സഹജസ്വഭാവമാണെന്നിരിക്കെ ഈ നിർവ്വചനം ഈ പദ്ധതിയുടെ പ്രകൃത്യുന്മുഖത പ്രദർശിപ്പിക്കുന്നു. ഇതിലൂടെ പ്രകൃതി ദർശനത്തിൽ നഷ്ടമായതും, സമൂഹത്തിൽ പൊതുവായി സ്വീകരിക്കേണ്ടതുമായ ദർശനമായി, പരസ്പ

രാശ്രിതത്വത്തെ പ്രതിഷ്ഠിക്കുന്നു.

നെസ്ട്രാകിങ്ങും (Ynestraking) പാരിസ്ഥിതിക സ്ത്രീവാദത്തിൽ പ്രകൃതി പാഠങ്ങൾക്കുള്ള പ്രസക്തിയെ ഊന്നിപ്പറയുന്നുണ്ട്. പ്രകൃതി തിര്യക്കുകൾ എന്നിവയ്ക്കുമേലുള്ള മനുഷ്യാധിപത്യങ്ങൾക്കും, സ്ത്രീയുടെ സാമൂഹ്യപദവിക്കുമേലുള്ള പുരുഷാധിപത്യങ്ങൾക്കും തമ്മിലുള്ള ചാർച്ചകളിൽ നിന്നാണ് പാരിസ്ഥിതിക സ്ത്രീവാദത്തിന്റെ സിദ്ധാന്തങ്ങൾ ആരംഭിക്കുന്നത് എന്നു ഇവർ പ്രസ്താവിക്കുന്നു.[14]

ഇതനുസരിച്ച് പാരിസ്ഥിതിക സ്ത്രീവാദം പ്രകൃതിയുടേയും സ്ത്രീയുടേയും മേലുള്ള മേധാവിത്വങ്ങളെയാണ് ചർച്ച ചെയ്യുന്നത് എന്ന് വരുന്നു. സ്ത്രീവാദം ലിംഗവർണ്ണ വർഗ്ഗചർച്ചകളെ വ്യത്യസ്ത ചിന്താധാരകളിലൂടെ ഉൾക്കൊള്ളുമ്പോൾ പാരിസ്ഥിതിക സ്ത്രീവാദം ഇവയ്ക്കു പുറമെ പ്രകൃതി നേരിടുന്ന സമ്മർദ്ദങ്ങൾ കൂടി ഉൾക്കൊള്ളുന്നു എന്നു മാത്രം.

> *"പ്രകൃതി, സ്ത്രീ ഘടകങ്ങൾ നേരിടുന്ന അടിച്ചമർത്തലുകൾ പൂർണ്ണമായി തിരിച്ചറിയുന്നത് ഇവ തമ്മിലുള്ള ബന്ധത്തിലൂടെയാണ്."* [15]

എന്ന അഭിപ്രായം വളരെ പ്രസക്തമാണ്. പാരിസ്ഥിതിക സ്ത്രീവാദം സമൂഹത്തിൽ സൃഷ്ടിക്കുന്ന ഭാവുകത്വമാറ്റത്തെക്കുറിച്ച് സൂചിപ്പിക്കുന്നതാണ് ഈ വാക്കുകൾ.

> *"എല്ലാ ജീവിതത്തിലും നിലനിർത്തുന്ന ജൈവികവും സംസ്ക്കാരികവുമായ വൈവിധ്യങ്ങളെ മൂല്യവൽക്കരിക്കുകയും സ്വാംശീകരിക്കുകയും ചെയ്യുന്ന, നവചരിത്രങ്ങൾ നെയ്യുന്ന"* [16]

സിദ്ധാന്തമാണ് പാരിസ്ഥിതിക സ്ത്രീവാദം.

പാരിസ്ഥിതിക സ്ത്രീവാദം പരിസ്ഥിതി സ്ത്രീ എന്നീ ഘടകങ്ങൾക്കപ്പുറത്തേയ്ക്കു വികസ്വരമാകുന്നതു ചില നിർവ്വചനങ്ങൾ തന്നെ സാക്ഷ്യപ്പെടുത്തുന്നുണ്ട്.

> *"പരിസ്ഥിതി വാദങ്ങൾക്കും പ്രവർത്തനങ്ങൾക്കും സ്ത്രീ, പ്രകൃതി, വർണ്ണ, വർഗ്ഗ ഘടകങ്ങളോടുള്ള ബന്ധത്തെ തള്ളിക്കളയാനാകില്ല"* [17]

എന്ന് എഴുതുമ്പോൾ പരിസ്ഥിതി നിരീക്ഷണങ്ങളെ സാമൂഹ്യപ്രശ്നങ്ങളുടെ ഭൂമികക ളിലേയ്ക്ക് വ്യാപിപ്പിക്കുകയാണ് ചെയ്യുന്നത്. പരിസ്ഥിതിയെ സാമൂഹ്യപ്രശ്നമായി കണ്ടു തുടങ്ങിയതോടെ സാമൂഹ്യപ്രശ്നങ്ങളെയെല്ലാം ഇതിനോട് ചേർത്തുകാണേണ്ട സ്ഥിതിയും കൈവരുന്നു. പരിസ്ഥിതി നശീകരണത്തിന്റെ തിക്തഫലങ്ങൾ കൂടുതലായി പ്രവർത്തിക്കു ന്നതു സമൂഹത്തിലെ 'ഇതര'രിലാണ്. സാമ്പത്തികമായും വർണ്ണപരമായും വർഗ്ഗപരമായും ലിംഗപരമായും എല്ലാം അപരത്വം ആരോപിക്കപ്പെട്ടവർ പ്രകൃതിനശീകരണത്തിന്റെ ഇരക ളാകുന്നു. ഇത്തരം പ്രശ്നങ്ങളെ മുൻനിർത്തിയാണ് ഗായത്രി സ്പിവാക്ക് ചക്രവർത്തി കീഴാളവർഗ്ഗ സ്ത്രീപഠനങ്ങളുടെ പ്രസക്തിയെക്കുറിച്ച് ഓർമ്മിപ്പിക്കുന്നുത്. വിശദവും പ്രസക്തവുമായ ചർച്ചകൾകൊണ്ടും പഠനങ്ങൾ കൊണ്ടും ആരോഗ്യകരമായി വികാസം പ്രാപിച്ച സ്ത്രീവാദത്തിന്റെ രണ്ടാം തരംഗത്തിനു നേരെ അത് മധ്യ-ഉപരിവർഗ്ഗ സ്ത്രീകളെ മാത്രം ഉൾക്കൊള്ളിക്കുന്നു എന്ന വിമർശനമുണ്ടായിട്ടുണ്ട്. സാമൂഹ്യ സാഹചര്യങ്ങളും സാംസ്ക്കാരിക അവസ്ഥകളും സ്ത്രീകളുടെ ആവശ്യങ്ങളെ വ്യത്യാസപ്പെടുത്തുന്നു എന്ന ആശയം സ്ത്രീവാദം ഉൾക്കൊണ്ടാൽ മാത്രമേ അതിന്റെ മൂല്യങ്ങളോടു നീതി പുലർത്താ നാകൂ എന്നു ഈ വിമർശനങ്ങൾ ഓർമ്മിപ്പിക്കുന്നു. സ്ത്രീവാദത്തിന്റെ തുടർച്ച അവകാശ പ്പെടാവുന്ന പാരിസ്ഥിതിക സ്ത്രീവാദം ഈ പാഠം ഉൾക്കൊണ്ടിരിക്കുന്നു എന്നതിന്റെ തെളിവാണ് താഴെക്കാണുന്ന നിരീക്ഷണം.

> *"പാരിസ്ഥിതിക സ്ത്രീവാദം, പരിസ്ഥിതി, സ്ത്രീവാദങ്ങളെ പൂർണ്ണതയിലും ഗഹനതയിലും ഉൾക്കൊള്ളുമ്പോൾ തന്നെ സ്ത്രീയുടേയും പ്രകൃതിയു ടേയും മേലുള്ള പുരുഷാധിപത്യ പ്രവണതകൾ സാമൂഹ്യഘടനയിലും സംസ്ക്കാരിക വീക്ഷണത്തിലും എങ്ങനെ പരസ്പരം ബന്ധിതമാണെന്നു തുറന്നുകാട്ടുന്നു."* [18]

ജാനിസ് ബർക്ക്ലാന്റ് (Janis Birkland) സ്ത്രീവാദത്തിന്റെ താത്ത്വികപരിണതിയായി ത്തന്നെ പാരിസ്ഥിതിക സ്ത്രീവാദത്തെ കരുതുന്നു.

> *"പാരിസ്ഥിതിക സ്ത്രീവാദം സമൂഹവും പ്രകൃതിയും ആത്മവുമായുള്ള പരസ്പരധാരണകളെ സിദ്ധാന്തവൽക്കരിക്കുന്നു"* [19]

എന്നു വിശദീകരിക്കുന്ന ഇവർ

> *"പാരിസ്ഥിതിക സ്ത്രീവാദം ഒരു മൂല്യവ്യവസ്ഥയും സാമൂഹ്യമുന്നേറ്റവും പ്രവർത്തനപദ്ധതിയും ആയിരിക്കുമ്പോൾ തന്നെ പുരുഷകേന്ദ്രിതത്വവും പരിസ്ഥിതിനാശവും തമ്മിലുള്ള ബന്ധത്തെ വിശകലനം ചെയ്യുന്നു"* [20] എന്നും പറയുന്നു.

പരിസ്ഥിതി നശീകരണത്തിൽ ലിംഗപരതയ്ക്കുള്ള പങ്കിനെ വിശകലനം ചെയ്യുന്ന രാഷ്ട്രീയമാണ് ഇവിടെ ചർച്ച ചെയ്യുന്നത്. റോസ്മേരി റാഡ്ഫോർഡ് റൂത്തിന്റെയും ബർക്ക്ലന്റിന്റെയും നിർവ്വചനങ്ങൾ സ്ത്രീയും പ്രകൃതിയും തമ്മിലുള്ള പര്സപരബന്ധത്തെ സൂചിപ്പിക്കുമ്പോഴും റൂത്ത് സ്ത്രീപ്രകൃതികൾക്കുമേലുള്ള അധീശത്വങ്ങളേയും പ്രതികൂലഭാവങ്ങളേയും പ്രത്യേകം സൂചിപ്പിക്കുന്നുണ്ട്.

അതേസമയം

> *"സ്ത്രീവാദം സ്ത്രീവിഷയം എന്ന സങ്കുചിതാവസ്ഥയിൽ നിന്നു വർഗ്ഗം, ദാരിദ്ര്യം, ലൈംഗിക പ്രാതിനിധ്യം, മൂന്നാംലോക അധിനിവേശങ്ങൾ, മതം, യുദ്ധം, ഭീഷണസംസ്ക്കാരങ്ങൾ, ജനുസ്സുകൾ, ആഗോള പരിസ്ഥിതി എന്നീ വിഷയങ്ങളെക്കൂടി ഉൾക്കൊള്ളുന്നുവെന്നും അതുകൊണ്ടുതന്നെ മറ്റൊരു സിദ്ധാന്തത്തിനും അവകാശപ്പെടാനാകാത്ത വൈപുല്യം സ്ത്രീവാദത്തിനു കൈവന്നിരിക്കുന്നു"* [21]

എന്ന അഭിപ്രായം സ്ത്രീവാദത്തിന്റേയും തദ്വാരാ പാരിസ്ഥിതിക സ്ത്രീവാദത്തിന്റെയും വികസ്വരതയെ സൂചിപ്പിക്കുന്നു.

> *"ഒരു പാരിസ്ഥിതിക സ്ത്രീവാദ ആത്മീയതയും സംസ്ക്കാരവും ഉണ്ടാക്കിയെടുക്കുവാൻ മാലിന്യങ്ങളിലേയ്ക്കു പ്രാന്തവൽക്കരിക്കപ്പെട്ട വർഗ്ഗങ്ങളുടെ തനിമകളെ തിരിച്ചറിയണം"* [22]

എന്ന അഭിപ്രായം ഈ സിദ്ധാന്തത്തിലുൾക്കൊള്ളിക്കേണ്ട ഘടകങ്ങളുടേയും അവയെ ഉൾപ്പെടുത്തേണ്ടതിന്റെ ആവശ്യകതയേയും ഓർമ്മിപ്പിക്കുന്നു. അധിനിവേശങ്ങൾ പ്രകൃ

തിയിലേയ്ക്കു മാലിന്യങ്ങൾ മാത്രമാണ് നിക്ഷേപിക്കുന്നത്. ഇപ്രകാരം പുറന്തള്ളുന്ന മാലിന്യങ്ങൾ നിക്ഷേപിക്കുന്ന ഇടങ്ങളിലേയ്ക്കു കൃത്യമായി മാറ്റിനിർത്തുന്ന ജനത അധിനിവേശങ്ങളിൽ സ്വത്വം നഷ്ടപ്പെടുന്നവരാണ്. ഇങ്ങനെ അധിനിവേശങ്ങൾ പരിസ്ഥിതിയെ നിർവ്വീര്യമാക്കുന്നു. ഈ നിർവ്വീര്യത സമൂഹത്തിലെ ശ്രേണിബന്ധങ്ങളിലെ അധമസ്ഥാനീയരെ ബാധിക്കുകയും ചെയ്യുന്നു. സ്ത്രീകളും ആദിവാസികളുമാണ് ഇപ്രകാരം അധിനിവേശത്തിന്റെ മാലിന്യങ്ങളിലേയ്ക്കു ഏറ്റവും കൂടുതൽ എടുത്തെറിയപ്പെടുന്നത്. അങ്ങനെ പാരിസ്ഥിതിക സ്ത്രീവാദം ഏറ്റവും കൂടുതൽ ചർച്ച ചെയ്യുന്ന വിഷയങ്ങൾ പരിസ്ഥിതിയും സ്ത്രീയും ആദിവാസിയുമാകുന്നു.

> *"പ്രകൃതിയുമായുള്ള ബന്ധത്തിൽ നിയന്ത്രണങ്ങളേക്കാൾ ആഭിമുഖ്യം ആണ് വേണ്ടതെന്ന്"* [23]

പറയുന്ന പാരിസ്ഥിതിക സ്ത്രീവാദികൾ പരിസ്ഥിതി വീക്ഷണത്തിലുണ്ടാകേണ്ട ധാർമ്മികതയിലും സ്ത്രീപ്രാതിനിധ്യത്തിലും ഊന്നുന്നു. പുരുഷ മേധാവിത്തത്തിനെതിരെ വാദിക്കുമ്പോഴും സ്ത്രൈണാദർശങ്ങളെ നിലനിർത്തേണ്ട ആവശ്യതകളിൽ ഇവർ ശ്രദ്ധിക്കുന്നുണ്ട്.

> *"പ്രാന്തവൽക്കരിക്കപ്പെട്ട വർഗ്ഗങ്ങളുടെ തനിമകളെ തിരിച്ചറിയണം"*

എന്നു പ്രസ്താവിക്കുന്നതിലൂടെ സ്ത്രൈണതയെക്കുറിച്ചും ആദിവാസി സംസ്ക്കാര സംരക്ഷണത്തെക്കുറിച്ചും സൂചനകളുണ്ട്. അധിനിവേശം വേരുകൾ നഷ്ടപ്പെടുത്തുന്ന ആദിവാസിക്കുവേണ്ടി വാദിക്കുമ്പോഴും, പാരിസ്ഥിതികസ്ത്രീവാദത്തിനു അവരുടെ സ്വത്വ സംരക്ഷണം വളരെ പ്രധാനമാണ്. തിരിച്ച് പ്രകൃതിയെക്കുറിച്ച് ഏറ്റവും കൂടുതൽ ആശങ്കാകുലരാകുന്നത് സ്ത്രീകളും ആദിവാസികളുമാണ് താനും. തുടർന്ന് പാരിസ്ഥിതിക സ്ത്രീവാദത്തിൽ ആദിവാസി പാഠങ്ങൾക്കുള്ള പ്രസക്തിയെക്കുറിച്ച് ചിന്തിക്കുന്നു.

## 1.13 പരിസ്ഥിതിയും ആദിവാസികളും

പാരിസ്ഥിതിക സ്ത്രീവാദസിദ്ധാന്തത്തിൽ പരിസ്ഥിതിയും സ്ത്രീയും പോലെ മറ്റൊരു പ്രധാന ഘടകമായി ആദിവാസികളേയും ഉൾപ്പെടുത്തേണ്ടതുണ്ടെന്നു നിർവ്വചനങ്ങൾ

സൂചിപ്പിക്കുന്നു. പരിസ്ഥിതിക്കും സ്ത്രീയ്ക്കും തമ്മിലുള്ള ബന്ധങ്ങൾ നിർവ്വചിച്ചതു പോലെ തന്നെ പരിസ്ഥിതിക്കും ആദിവാസിക്കും തമ്മിലും സമാനതകളുണ്ട്. പ്രകൃതിയെ വസ്തുവാക്കി മാറ്റിയ അധിനിവേശങ്ങൾ ആദിവാസിയെ നിസ്വരാക്കി മാറ്റുന്നു. ഈ അധി നിവേശ സമൂഹത്തോട് ഒരിക്കലും പൊരുത്തപ്പെടാനാകാത്തവരാണ് ആദിവാസികൾ. ചരിത്രം ആദിവാസികളുടെ പ്രകൃത്യാഭിമുഖ്യത്തിനു സാക്ഷ്യങ്ങൾ നൽകുന്നുണ്ട്.

1854ൽ അന്നത്തെ അമേരിക്കൻ പ്രസിഡന്റ്, സിയാറ്റിൻ എന്ന സ്ഥലത്തുള്ള ഇന്ത്യൻ ഗോത്രവുമായി ആ ഗോത്രത്തിന്റെ വകയായ ഭൂമി മുഴുവൻ വിലയ്ക്കെടുക്കുവാൻ കൂടിയാ ലോചനകൾ നടത്തി. ഗോത്രജനതയ്ക്കു പാർക്കാൻ ഭൂമി മാറ്റിവയ്ക്കും. ഇവിടെ വെള്ള ക്കാരും പാർക്കും. ഈ നിർദ്ദേശം നിരസിക്കുക ദുർബലരായ ഗോത്രജനതയ്ക്കു സാധ്യ മായിരുന്നില്ല. ആ നിർദ്ദേശം സ്വീകരിച്ചുകൊണ്ട് സിയാറ്റിലെ ഗോത്രനേതാക്കൾ അമേരി ക്കൻ പ്രസിഡന്റിനു ഒരു കത്തയച്ചിരുന്നു. ഇന്നു ഏതു പരിസ്ഥിതി ചർച്ചയുടേയും ആമു ഖമായി ഉദ്ധരിക്കപ്പെടുന്ന പ്രസ്തുത കത്ത് ആദിവാസികളുടെ പരിസ്ഥിതി നിലപാടുകളെ സത്യസന്ധമായി പ്രത്യക്ഷീകരിക്കുന്നു.

> *"ആകാശത്തെ, ഊഷ്മാവുള്ള ഭൂമിയെ നിങ്ങൾക്കെങ്ങനെ വാങ്ങാനോ,*
> *വിൽക്കാനോ കഴിയും? ഞങ്ങൾക്കു പരിചയമില്ലാത്തതാണ് ഈ ആശയം.*
> *വായുവിന്റെ പുതുമയോ വെള്ളത്തിന്റെ തിളക്കമോ നിങ്ങൾക്കുടമപ്പെട്ട*
> *തല്ലെങ്കിൽ അവയെ നിങ്ങൾ എങ്ങനെയാണ് വാങ്ങുക?"* [24]

എന്നു തുടങ്ങുന്ന കത്തിൽ, പ്രകൃതിയെ, ഭൂമിയെ, ക്രയവിക്രയവസ്തുവാക്കി മാറ്റുന്ന അധിനിവേശ സംസ്ക്കാരത്തെയാണ് ഗോത്രനേതാവ് അപലപിക്കുന്നത്.

> *"അരുവിയുടെ മർമ്മരം എന്റെ അച്ഛന്റെ ശബ്ദമാകുന്നു"* വെന്നും
>
> *"മൃഗങ്ങളെ തന്റെ സഹോദരനായി കണക്കാക്കണമെന്നും മൃഗങ്ങളെല്ലാം പൊയ്ക്കഴിഞ്ഞാൽ ആത്മാവിന്റെ അപാരമായ ഏകാന്തതമൂലം മനു ഷ്യൻ മരിക്കും"* [25]

എന്നും എഴുതുമ്പോൾ ആദിവാസി, ചരാചരങ്ങളോടു പുലർത്തിയിരുന്ന സഹവർത്തി

ത്വവും സഹജാവബോധവും വ്യക്തമാകുന്നു. അധിനിവേശങ്ങളിൽ ആശങ്കാകുലനാകുന്ന ആദിവാസി, സ്വന്തം അസ്തിത്വഭയങ്ങളേക്കാൾ പ്രാധാന്യം പരിസ്ഥിതിക്കു നൽകുന്നുണ്ട്.

ഈ ആകുലത ലോകത്തെവിടേയുമുള്ള ആദിവാസിയെ സംബന്ധിച്ചിടത്തോളവും സമാനമാണ്.

> *"കാട് നമ്മക്ക് അമ്മേനെപ്പോലെയാണ്. കാട് എങ്ങോട്ടും പോകാത്തതു കൊണ്ട് അമ്മയേക്കാളുമാണ്"* [26]

എന്ന് ഈ കാലത്തിൽ നിന്നുകൊണ്ട് സി.കെ. ജാനു രേഖപ്പെടുത്തുമ്പോഴും വ്യക്തമാകുന്നത് ഈ മനോഭാവം തന്നെയാണ്.

പ്രകൃതിയേയും സ്ത്രീയേയും പോലെ സമൂഹത്തിൽ അധിനിവേശങ്ങളാൽ പ്രാന്തവൽക്കരിക്കപ്പെട്ട ജനതയാണ് ആദിവാസികൾ. ലോകത്തെവിടേയും ഇത്തരം അധിനിവേശങ്ങൾ നടന്നിട്ടുണ്ട്. ഇന്നു ആദിവാസികൾ എന്നാൽ, മലകളിലും കാടുകളിലും മാത്രം ജീവിക്കാൻ ആഗ്രഹിച്ചവരും, സമതലങ്ങളിലേയ്ക്കിറങ്ങാൻ മടിച്ചവരുമെന്നു വിവക്ഷിക്കാറുണ്ട്. എന്നാൽഅധിനിവേശങ്ങളുടെ സമീപഭൂതകാല തിക്താനുഭവങ്ങളാൽ ഇവർ മലകളിലും കാടുകളിലും അഭയം തേടിയതുമാകാം എന്നും ചിന്തിക്കാവുന്നതാണ്. അമേരിക്കയിലേയ്ക്കു വെള്ളക്കാരായ കുടിയേറ്റക്കാർ നടത്തിയ ആക്രമണങ്ങളിൽ, ആദിവാസികളായ റെഡ് ഇന്ത്യൻ വംശജർക്കു നേരിടേണ്ടി വന്ന ദുരനുഭവങ്ങൾ ഡീ ബ്രൗൺ (Dee Brown) 'ബ്യൂറി മൈ ഹാർട്ട് അറ്റ് വൂണ്ടട് നീ' (Bury My Heart At Wounded Knee) എന്ന ഗ്രന്ഥത്തിൽ രേഖപ്പെടുത്തുന്നുണ്ട്.

കേരളത്തിലെ സ്ഥിതിയും വിഭിന്നമല്ല. 1947നുശേഷം കേരളം കണ്ടതും കേരളീയർ കണ്ടില്ലെന്നു നടിച്ചതുമായ സംഭവപരമ്പരകളായി, പശ്ചിമഘട്ടത്തിന്റെ അടിവാരങ്ങളിലേയ്ക്കു ഉണ്ടായ കുടിയേറ്റ പ്രവാഹങ്ങളെ പാനൂർ[27] വിവരിക്കുന്നുണ്ട്. കാടുകൾ നശിക്കുകയും കാടിന്റെ മക്കളായ ആദിവാസികൾ സ്വന്തം മണ്ണിൽ അന്യരാക്കപ്പെടുകയും ചെയ്തതാണ് ഇതിന്റെ അനന്തരഫലങ്ങൾ.

ആദിവാസി നീതികൾക്കായുള്ള സമരങ്ങൾ ഇന്നും തുടരുന്നു. ഏറ്റവും ഗംഭീരമെന്നു ഘോഷിക്കപ്പെട്ടു നടപ്പാക്കുന്ന പരിഷ്ക്കരണപദ്ധതികൾ പരിസ്ഥിതിയേയും തുടർന്ന് ആദിവാസിയേയുമാണ് ബാധിക്കുന്നത്. ഈ രീതിയിൽ നോക്കുമ്പോൾ പാരിസ്ഥിതിക സ്ത്രീവാദത്തിന്റെ പ്രധാനഘടകങ്ങളായി പ്രകൃതിയേയും സ്ത്രീയേയും ഉൾക്കൊള്ളിച്ച വസ്തുതകൾ ആദിവാസികളേയും ഈ നിരയിലേയ്ക്ക് ഉൾപ്പെടുത്തുവാൻ പ്രേരിപ്പിക്കുന്നു എന്നു കാണാം.

പാരിസ്ഥിതിക സ്ത്രീവാദത്തിന്റെ പ്രധാന ഘടകങ്ങളായി പരിസ്ഥിതി, സ്ത്രീ, ആദിവാസികൾ എന്നിവയെ ഉൾപ്പെടുത്തുന്നതിനുള്ള കാരണങ്ങൾ ഇങ്ങനെ സംഗ്രഹിക്കാം.

1) ഇവ മൂന്നും പൊതുധാരയിൽ നിന്നു പ്രാന്തവൽക്കരിപ്പെട്ട ഘടകങ്ങളാണ്.
2) അധിനിവേശ, പുരുഷാധിപത്യ, മുതലാളിത്ത സംസ്ക്കാരമാണ് ഇവയെ പ്രാന്തവൽക്കരിക്കുന്നത്.
3) ഇവ മൂന്നും പരസ്പരബന്ധിതങ്ങളാണ്.

## 1.14. പാരിസ്ഥിതിക സ്ത്രീവാദത്തിലെ പ്രധാന വസ്തുതകളെ ഇങ്ങനെ സംഗ്രഹിക്കാം

1) പരിസ്ഥിതിവാദത്തിന്റേയും സ്ത്രീവാദത്തിന്റേയും സംയോജിപ്പായി ആരംഭിച്ചു.
2) പരിസ്ഥിതിയുടേയും സ്ത്രീയുടേയും മേലുള്ള അധിനിവേശങ്ങളിൽ, ഇവ അനുഭവിക്കുന്ന സമാനപീഡിതാവസ്ഥകളാണ് ഇവയെ രണ്ടും ചേർത്തു ചിന്തിക്കുവാൻ പ്രേരിപ്പിച്ചത്.
3) ഉപഭോഗസംസ്ക്കാരവും അധിനിവേശ സംസ്ക്കാരവും പുരുഷാധിപത്യ പ്രവണതകളുമാണ് ഇവയെ അധഃസ്ഥാനീയരാക്കുന്നത്.
4) ഇത്തരം ആധിപത്യങ്ങളിൽ പീഡനങ്ങൾ അനുഭവിക്കുന്ന ഇതരഘടകങ്ങളെക്കൂടി ഉൾപ്പെടുത്തി ചിന്താപദ്ധതി വികസ്വരമാകുന്നുണ്ട്.
5) സമൂഹത്തിൽ നിലവിൽ വന്ന ശ്രേണീബന്ധങ്ങളിൽ അധമസ്ഥാനമുള്ള ഘടകങ്ങളാണ് ഇപ്രകാരം കൂട്ടിച്ചേർക്കപ്പെട്ടത്.

6) ഇവയിൽത്തന്നെ പരസ്പരബന്ധം കൂടുതൽ വ്യക്തമാക്കുന്ന പരിസ്ഥിതി, സ്ത്രീ ആദിവാസികൾ എന്നീ ഘടകങ്ങൾക്കാണ് പാരിസ്ഥിതിക സ്ത്രീവാദം കൂടുതൽ ഊന്നൽ നൽകുന്നത്.

7) പരിസ്ഥിതി സമീപനങ്ങളിൽ ഗഹനപരിസ്ഥിതി വാദത്തിനും സ്ത്രീവാദത്തിൽ സോഷ്യൽ സ്ത്രീവാദത്തിനും ആദിവാസി പ്രശ്നങ്ങളിൽ സ്വത്വസംരക്ഷണത്തിനും പ്രാധാന്യം നൽകുന്നതാണു പാരിസ്ഥിതിക സ്ത്രീവാദം.

## 1.15. വിഷയത്തിന്റെ പ്രസക്തി

ഇന്ന് ഏറ്റവും കൂടുതൽ ചർച്ച ചെയ്യപ്പെടുന്ന മൂന്നു വിഷയങ്ങളാണ് പരിസ്ഥിതിവാദം, സ്ത്രീവാദം, കീഴാളവർഗ്ഗവാദം എന്നിവ. ഒന്നാം ലോകരാജ്യങ്ങളുടെ അധിനിവേശ സംസ്ക്കാരമാണ് ഈ മൂന്നു ഘടകങ്ങളുടെ അടിച്ചമർത്തലിനുമേലും പ്രവർത്തിക്കുന്നത്. അതുകൊണ്ട് അധിനിവേശങ്ങളിൽ നിന്നുള്ള സ്വാതന്ത്ര്യമാണ് പാരിസ്ഥിതിക സ്ത്രീവാദത്തിന്റെ പ്രധാന ലക്ഷ്യമെന്നു പറയാം. പാരിസ്ഥിതിക സ്ത്രീവാദം വിഭാവനം ചെയ്യുന്ന സംസ്ക്കാരം പരസ്പരാശ്രയത്തിന്റേതാണ്. ഈ അധിനിവേശങ്ങളേയും ഉപഭോഗസംസ്ക്കാരത്തേയും തിരസ്ക്കരിക്കുന്നതിനു സ്ത്രീപ്രാമാണ്യം ആവശ്യമാണെന്നു ചരിത്രം തന്നെ സാക്ഷ്യപ്പെടുത്തുന്നു. മുതലാളിത്ത ആൺകോയ്മ സംസ്ക്കാരത്തിന്റെ അധീശമനോഭാവത്തിനെതിരെ സ്ത്രീകൾ കൂട്ടായ്മയോടെ പ്രവർത്തിക്കേണ്ടതിന്റെ അനിവാര്യത വന്ദനശിവ എടുത്തുപറയുന്നു. മരം എന്നതു കേവലമൊരു പരിസ്ഥിതി പ്രശ്നമാകാതെ സ്ത്രീകളുടെ പ്രശ്നമായി മാറിയ ചിപ്കോ (chipco) പ്രസ്ഥാനത്തിന്റെ ശക്തി തിരിച്ചറിയേണ്ടതുണ്ടെന്നു അവർ ഓർമ്മിപ്പിക്കുന്നു. ഭൂമിയെ നശിപ്പിക്കുന്ന എല്ലാത്തരം പ്രയോഗങ്ങളും വ്യവസ്ഥകളും ഇല്ലായ്മ ചെയ്യുന്നതാണ് ജീവനവൃത്തി പരിപ്രേക്ഷ്യത്തിന്റെ കാതൽ എന്ന് ഇവർ വിശ്വസിക്കുന്നു. Oikos എന്ന ഗ്രീക്കു പദത്തിൽ നിന്നാണ് Economics, Ecology എന്നീ പദങ്ങൾ ആവിർഭവിക്കുന്നത്. Oikos കുടുംബമാണ്. കുടുംബത്തെ നിലനിർത്തുന്ന സ്ത്രീകൾ അതുകൊണ്ടു തന്നെ പരിസ്ഥിതിയെക്കുറിച്ചും ആകുലപ്പെടുന്നു പരിസ്ഥിതിയുടെ നഷ്ടം ആദിവാസിയുടെ നഷ്ടം കൂടിയാണ്. ഇതുകൊണ്ടെല്ലാം പ്രകൃതി സ്ത്രീപ്രാധാന്യത്തെക്കുറിച്ച് പറയുന്ന ഈ സിദ്ധാന്തം മനുഷ്യസമൂഹത്തിന്റെ മുഴുവൻ

സ്വാതന്ത്ര്യമാണ് പ്രഖ്യാപിക്കുന്നത്.

പരിസ്ഥിതിയെക്കുറിച്ച് നടത്തുന്ന വിപുലമായ ചർച്ചകൾതന്നെ ഈ പ്രശ്നത്തിന്റെ രൂക്ഷതയുടെ തെളിവാണ്. മാത്രമല്ല ചർച്ച ചെയ്യുന്ന ഭവിഷ്യത്തുകൾ സങ്കല്പനത്തിലും കവിഞ്ഞ വേഗതയിലാണ് വന്നുഭവിക്കുന്നതും. ജലത്തിന്റെ ദൗർലഭ്യവും വിപണനസാധ്യതയും തന്നെ ഉദാഹരണം. എട്ടോ പത്തോ വർഷങ്ങൾക്കു മുമ്പുവരേയും, ജലദൗർലഭ്യത്തെക്കുറിച്ച് ഓർമ്മപ്പെടുത്തലുകൾ ഉണ്ടായിരുന്നെങ്കിലും, വർത്തമാനകാലത്തിലെ ജല വ്യാപാരത്തിന്റെ സാധ്യതയും വ്യാപനവും അചിന്തനീയമായിരുന്നു. അതുകൊണ്ടു തന്നെ പ്രാണവായുവും വ്യാപാരവസ്തുവാകും എന്ന മുന്നറിയിപ്പും, കാലവിളംബമില്ലാതെ യാഥാർത്ഥ്യമാകും എന്ന് ഓർക്കേണ്ടതുണ്ട്. മാധ്യമങ്ങൾ, കാർബൺ ട്രേഡിംഗ് (carbon trading) നെക്കുറിച്ച് നൽകുന്ന സൂചനകൾ ഇതിലേയ്ക്കാണ് ശ്രദ്ധ ക്ഷണിക്കുന്നത്. ഓരോ രാജ്യത്തിനും അന്തരീക്ഷ ഉപയോഗത്തിനു പരിധികൾ നിശ്ചയിക്കുകയും അന്തരീക്ഷ മലിനീകരണം നടത്തുന്ന തോതനുസരിച്ച് നികുതികൾ ചുമത്തുകയും ചെയ്യുന്നു. മലിനീകരണം പുരോഗമനത്തിന്റെ പര്യായമായിത്തീർന്നതിനാൽ, അതിപരിഷ്കൃത രാജ്യങ്ങൾക്ക്, അത്രതന്നെ അന്തരീക്ഷ മലിനീകരണം നടക്കാത്ത മൂന്നാംലോക രാജ്യങ്ങളിൽ നിന്നു ശുദ്ധാന്തരീക്ഷങ്ങളെ വിലയ്ക്കെടുക്കാം. ഇപ്രകാരം പ്രാണവായുവിന്റെ വ്യാപാരസാധ്യതകൾ യാഥാർത്ഥ്യമാക്കുന്ന പ്രവർത്തനപദ്ധതിയായാണ് കാർബൺ ട്രേഡിംഗിനെ (Carbon trading) മാധ്യമങ്ങൾ പരിചയപ്പെടുത്തുന്നത്.

ഒന്നാം ലോകസാമ്രാജ്യങ്ങളും അവയിലെ കുത്തകകമ്പനികളും ആഗോളീകരണ പ്രതിഭാസങ്ങളും ചേർന്ന് മൂന്നാംലോക രാജ്യങ്ങളുടെ എല്ലാ സ്വത്വവും വിഷലിപ്തമാക്കുകയോ നഷ്ടപ്പെടുത്തുകയോ സ്വായത്തമാക്കുകയോ ചെയ്യുന്നു. പാർലമെന്റിൽ അവതരിപ്പിച്ച 2004ലെ വിത്തുബില്ലിനേയും ഈ രീതിയിലാണ് കാണേണ്ടത്. പൂർവ്വികർ നമുക്കു നൽകിയ വിത്തുകൾ സമൂഹത്തിന്റേതാണ്. സമൂഹത്തിന്റെ സ്വത്തായ പരമ്പരാഗത വിത്തിനങ്ങൾ ഉപയോഗിച്ച് കൃഷി ചെയ്യുകയും വീണ്ടും അതിൽ നിന്നുള്ള വിത്ത് ഉപയോഗിക്കുകയുമാണ് നമ്മുടെ കാർഷിക സംസ്ക്കാരം. എന്നാൽ വിത്തുബിൽ പ്രകാരം രജിസ്റ്റർ ചെയ്യാത്ത വിത്തുകൾ സൂക്ഷിക്കാനോ കൃഷി ചെയ്യാനോ കൈമാറ്റം ചെയ്യാനോ പാടില്ല.

ഏതെങ്കിലും ഒരു വ്യക്തിക്ക് ഉടമസ്ഥാവകാശം ഇല്ലാത്ത, നമ്മുടെ പല പരമ്പരാഗത വിത്തിനങ്ങളും അതുകൊണ്ടുതന്നെ രജിസ്റ്റർ ചെയ്യാനാകില്ല. ഇതിലൂടെ നഷ്ടമാകുന്നത് നമ്മുടെ ജൈവവൈവിധ്യമാണ്. ബഹുരാഷ്ട്രക്കുത്തകകളുടെ കീടനാശിനി, വളം എന്നിവയ്ക്കു അനുയോജ്യമായ വിത്തുകൾ മാത്രം കൃഷി ചെയ്യണമെന്നു വരുമ്പോൾ ഏകതാന കൃഷിരീതികൾ നിലവിൽ വരും. എവിടെയെങ്കിലും രോഗബാധ ഉണ്ടാവുമ്പോൾ കാർഷിക മേഖലയെ ഏതാണ്ട് മുഴുവനായി അത് നശിപ്പിക്കാം. ഇതിലൂടെ ഒരു നാടിന്റെ ഭക്ഷണശീലങ്ങളും അതുവഴി നമ്മുടെ സംസ്ക്കാരം തന്നേയും തകിടം മറിയുന്നു. കാർഷിക മേഖലയിലെ ലാഭംകണ്ട് ബഹുരാഷ്ട്രക്കുത്തകകൾ വരുമ്പോൾ, അവരെ സഹായിക്കാൻ ലോകവ്യാപാര സംഘടന (WTO) തയ്യാറാകുമെന്നതിന്റെ ഏറ്റവും ഒടുവിലത്തെ ഉദാഹരണമാണ് പാർലമെന്റിൽ അവതരിപ്പിച്ച വിത്തുബിൽ എന്നു വന്ദനശിവ[28] കുറ്റപ്പെടുത്തുന്നുണ്ട്. വിത്തിന്റെ നിയന്ത്രണം കൈവിട്ടുപോകുമ്പോൾ നമ്മുടെ വയലേലകളിൽ എന്തു കൃഷി ചെയ്യണമെന്ന് നിശ്ചയിക്കുക, മൊൺസാന്റോ, കാർഗിൽ തുടങ്ങിയ ബഹുരാഷ്ട്ര ഭീമന്മാരായിരിക്കും. കർഷകർ സ്വന്തം വിത്ത് ഉപേക്ഷിച്ച് ഈ ബഹുരാഷ്ട്രക്കുത്തകകളുടെ വിത്ത് ഉപയോഗിക്കേണ്ടിവരും. ഇതുമാത്രമല്ല, ഇതിലൂടെ ജനിതകക്കവർച്ചയ്ക്കും സാധ്യതയുണ്ടെന്നു വന്ദനശിവ ഓർമ്മപ്പെടുത്തുന്നു. പരമ്പരാഗത വിത്തുകളെ ജനിതക എൻജിനീയറിംഗിലൂടെ മാറ്റി ബഹുരാഷ്ട്രക്കുത്തകകൾ അവരുടേതാക്കും. വിത്തുമാത്രമല്ല മണ്ണും ഇപ്രകാരം കുത്തക കമ്പനിക്കാർ അവരുടേതാക്കി മാറ്റുന്നു. കരാർ കൃഷിയിലൂടെ, കേരളത്തിൽ പോലും ഇത്തരം കമ്പനികൾ ചൂഷണത്തിനു ശ്രമിക്കുന്നു. സഹായവും ഉപദേശവുംവിത്തും നൽകി തുടങ്ങുന്ന കൃഷി പിന്നീട് അവർ തന്നെ ഏറ്റെടുക്കുകയും അങ്ങനെ മണ്ണും നഷ്ടമാകുകയും ചെയ്യുന്നു.

കൃഷിയിലെ ധാർമ്മികതയെ ചോദ്യം ചെയ്തുകൊണ്ട് വന്നിട്ടുള്ള പുതിയ ഭീഷണിയാണ് ബയോഫാർമസ്യൂട്ടിക്കൽ വിള. ഇതിനെ മനുഷ്യമാംസം വിളയിക്കുന്ന വയലുകൾ എന്നു മാധ്യമങ്ങൾ[29] വിളിക്കുന്നു. ജനിതക വ്യതികരണ സാങ്കേതികവിദ്യയും ബഹുരാഷ്ട്ര മരുന്നുകമ്പനികളുടെ അന്ധമായ ലാഭക്കൊതിയുമാണ് മനുഷ്യനെ നരഭോജിയാക്കുന്ന പുത്തൻ മരുന്നുകൃഷിയെ ലോകവ്യാപകമാക്കുന്നത്. മനുഷ്യന്റെ ജനിതകദ്രവ്യം

സന്നിവേശപ്പിച്ച അരിയും ഗോതമ്പും പയറുമെല്ലാം പരീക്ഷണശാലകളിൽ നിന്നും വയലുകളിലെത്തിക്കുന്നു. മനുഷ്യന്റേയോ മറ്റു ജീവികളുടേയോ ജീനുകൾ മുറിച്ചെടുത്ത് സസ്യങ്ങളിൽ സന്നിവേശിപ്പിച്ച് കൃഷി ചെയ്തെടുക്കുന്നതാണ് ബയോഫാർമസ്യൂട്ടിക്കൽ വിള എന്നു പറയുന്നത്. ഇങ്ങനെ ജനിതക വ്യതികരണം വരുത്തിയ അരിയിലും ഗോതമ്പിലും മനുഷ്യന്റെ മാംസ്യവും പ്രതിവസ്തുക്കളും ഉണ്ടാകും. മാറാരോഗങ്ങൾക്കുള്ള ഔഷധങ്ങൾ മുതൽ ഗർഭനിരോധന മരുന്നുകളും ഹോർമോണുകളും വരെ ഈ വിളകളിൽ നിന്നു വേർതിരിച്ചെടുക്കാം. വിലപിടിച്ച മരുന്നുകൾ ചുരുങ്ങിയ ചിലവിൽ കൃഷി ചെയ്തെടുത്ത് വൻലാഭം കൊയ്യാമെന്ന കണക്കുകൂട്ടലിൽ ഔഷധനിർമ്മാണക്കമ്പനികൾ രംഗത്തിറങ്ങിയതോടെയാണ് ഈ ജനിതക വ്യതികരണവിദ്യ ഭീഷണിയാകാൻ തുടങ്ങിയത്. ഇത്തരം മരുന്നുകളൊന്നും ഇതുവരെ വിപണിയിലിറങ്ങിയിട്ടില്ലെങ്കിലും നാനൂറോളം വിളകൾ ഇതിനകം വികസിപ്പിച്ചുകഴിഞ്ഞതായി മാധ്യമങ്ങൾ വെളിപ്പെടുത്തുന്നു. ഔഷധക്കൊയ്ത്തിനായുള്ള ജനിതകവിളകൾ വയലുകളിൽ കൃഷി ചെയ്യാൻ തുടങ്ങുന്നതാണ് ദുരന്തങ്ങൾ ഉണ്ടാക്കുന്നത്. മരുന്നിന് മാത്രം ഉപയോഗിക്കാവുന്ന ഭക്ഷ്യയോഗ്യമല്ലാത്ത വിളകൾ അടുത്ത വയലുകളിലെ ഭക്ഷ്യധാന്യങ്ങളുമായി കലരും. പരപരാഗണം വഴിയും സ്വാഭാവിക വിത്തുവിതരണ രീതിവഴിയും പ്രകൃതിക്ഷോഭങ്ങൾ വഴിയും ജനിതകവിള സമീപവയലുകളിലേയ്ക്കു വ്യാപിക്കാം. മനുഷ്യജീവൻ കലർന്ന ഭക്ഷണപദാർത്ഥങ്ങൾ അങ്ങനെ നമ്മുടെ ഭക്ഷണക്രമത്തിലുമെത്തിച്ചേരും. മറ്റാർക്കോ വേണ്ടിയുള്ള മരുന്നുകളും അപകടകരമായ രാസവസ്തുക്കളും ഭക്ഷണത്തോടൊപ്പം അകത്താക്കാൻ നാം നിർബന്ധിതരാകുന്നു. ഇതുമാത്രമല്ല ഇത്തരം വിളകൾ പടരുന്നതോടെ മണ്ണിന്റെ ഘടന തന്നെ മാറിപ്പോകാം. ഉപകാരികളായ ഷഡ്പദങ്ങളും കീടങ്ങളും കൊന്നൊടുക്കപ്പെടാം. ജനിതകവൈകല്യം തന്നെ ഉടലെടുക്കാം. അമേരിക്കയിലാണ് ഇത്തരം കൃഷികൾ നടത്തുന്നത്. പരിസ്ഥിതി പ്രവർത്തകരും ശാസ്ത്രസംഘടനകളും പലയിടത്തും ഔഷധക്കൊയ്ത്തിനെതിരെ തിരിഞ്ഞിട്ടുണ്ട്. പല സംസ്ഥാനങ്ങളിലും ഇതിന് വിലക്ക് വന്നു. ഇതോടെ ഇവർ മറ്റു രാജ്യങ്ങളിലേയ്ക്കു ശ്രദ്ധ തിരിച്ചിരിക്കുകയാണ്. വേണ്ടത്ര നിയന്ത്രണങ്ങളില്ലാത്ത ഇന്ത്യയടക്കമുള്ള ഏഷ്യൻ രാജ്യങ്ങൾക്കും ഇതു ഭീഷണിയാണ്. ഈ പദ്ധതിയെ അമേരിക്കയിലെ ഗ്രീൻ പാർട്ടിയുടെ നേതാക്കളിലൊരാളായ ഡോൺ ഫിറ്റ്സ് പറയുന്നത് 'പച്ചക്കറിയിൽ പാചകക്കാരന്റെ

കൈവിരലുകൾ അരിഞ്ഞിടുന്നതുപോലെയാണിത്. തിരച്ചറിഞ്ഞാലും ഇല്ലെങ്കിലും മനുഷ്യമാംസമാണ് നാം അകത്താക്കുന്നത്' എന്നാണ്.

പരിസ്ഥിതിക്കു ഏറ്റവും വലിയ ഭീഷണിയാണ് ഇ-വേസ്റ്റ്. ലോകവിപണിയിൽ കോടികളുടെ വ്യാപാരശൃംഖല തീർക്കുന്ന മൊബൈൽ ഫോൺ, കമ്പ്യൂട്ടറുകൾ തുടങ്ങിയ ഇലക്ട്രോണിക്സ് ഉൽപന്നങ്ങൾ ഉപയോഗപരിധി കഴിയുമ്പോൾ മണ്ണിനും മനുഷ്യനും പരിസ്ഥിതി പ്രശ്നങ്ങൾ സൃഷ്ടിക്കുന്ന പുത്തൻ ഭീഷണിയായി മാറുന്നു. അമേരിക്കയും മറ്റും ഉപയോഗിച്ച് പഴകിയ ഇലക്ട്രോണിക് ഉൽപന്നങ്ങൾ ഇന്ത്യയിലേയ്ക്കു കയറ്റി അയച്ച് സ്വയം രക്ഷനേടുന്നുണ്ടെന്നും മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്യുന്നു. [30]

പരിസ്ഥിതി നേരിടുന്ന ഇത്തരം ഗുരുതരമായ പ്രശ്നങ്ങൾക്ക് സമാനമാണ് സ്ത്രീപ്രശ്നങ്ങളും ആദിവാസി പ്രശ്നങ്ങളും. പരിഷ്ക്കരണങ്ങളും അധിനിവേശങ്ങളും ആദിവാസികളെ നിസ്വരാക്കുന്നു. പുനരധിവാസങ്ങൾ സ്വത്വനഷ്ടവും സൃഷ്ടിക്കുന്നു. സ്ത്രീപ്രശ്നങ്ങൾ പുരോഗതിക്കനുസരിച്ച് കൂടുതൽ സങ്കീർണ്ണമാകുകയാണ് ചെയ്യുന്നത്. ഇത്തരമൊരു അവസ്ഥയിൽ നിലവിലുള്ള തത്ത്വസംഹിതകളിൽ നിന്നും വീക്ഷണങ്ങളിൽ നിന്നും വ്യതിരക്തമായ ഒന്നിന്റെ പ്രസക്തി വളരെ പ്രധാനമാണ്. അതുതന്നെയാണ് പാരിസ്ഥിതിക സ്ത്രീവാദം എന്ന ചിന്താപദ്ധതിയുടെ പ്രസക്തിയും പ്രാധാന്യവും.

## 1.16 പാരിസ്ഥിതിക സ്ത്രീവാദം സാഹിത്യത്തിൽ

സാഹിത്യം എന്നും സമൂഹത്തിന്റെ പ്രതിഫലനമാണ്. സാമൂഹ്യ പ്രതിബദ്ധരായ എഴുത്തുകാർ സമൂഹത്തിലെ ചലനങ്ങളേയും ആവശ്യങ്ങളേയും എക്കാലത്തും തിരിച്ചറിയുകയും, തങ്ങളുടെ കൃതികളെ സ്വന്തം നിരീക്ഷണ അഭിപ്രായപ്രകടനങ്ങളുടെ സംവേദകങ്ങളാക്കി മാറ്റുകയും ചെയ്തിട്ടുണ്ട്. കൃത്യമായ ലക്ഷ്യബോധത്തോടെ രചിക്കപ്പെടുന്ന കൃതികൾക്കു, ഭാവുകതലത്തിൽ പലപ്പോഴും സമ്പൂർണ്ണനീതി അവകാശപ്പെടാനാകാറില്ല. എന്നാൽ സാമൂഹ്യപ്രശ്നങ്ങളിൽ ജാഗരൂകമായ മനസ്സുള്ള ഒരു സാഹിത്യകാരന്റെ കൃതികളിൽ അലോസരമുണ്ടാക്കാതെ ഇവ പ്രത്യക്ഷപ്പെടുകയും ചെയ്യും. അവയാകട്ടെ പ്രശ്നങ്ങളിൽ എഴുത്തുകാരൻ അവലംബിക്കുന്ന പക്ഷങ്ങളെ പ്രത്യക്ഷീകരിക്കുകയും ചെയ്യും.

1960 കളുടെ അവസാനം മുതൽ മലയാള സാഹിത്യത്തിൽ, നോവൽ കഥാ മേഖലകളിൽ സജീവസാന്നിധ്യമുള്ള കഥാകാരിയാണ് പി. വത്സല. സ്ത്രീവാദിയായ എഴുത്തുകാരിയായി ഒരു സാഹിത്യ ചരിത്രവും നിരൂപണവും പി. വത്സലയെ പരിചയപ്പെടുത്തുന്നില്ല. സാമൂഹ്യ പ്രശ്നമെന്ന രീതിയിൽ സ്ത്രീവാദത്തെ സ്വാംശീകരിച്ച എഴുത്തുകാരിയായാണ് പി. വത്സല വിലയിരുത്തപ്പെടുന്നത്.[31] വത്സലയുടെ ആദിവാസി ആഭിമുഖ്യം ശ്രദ്ധിക്കപ്പെട്ടിട്ടുമുണ്ട്.

> *"ദലിത്ജീവിതം സാഹിത്യവിഷയാകാത്ത ഒരു കാലഘട്ടത്തിൽ രചിച്ച 'നെല്ല്' അടിയാളജീവിതത്തോടു സഹത പുലർത്തിക്കൊണ്ട് മറ്റൊരു ലോകം നമുക്ക് തുറന്നുതന്നു"*[32]

എന്ന അഭിപ്രായം ഇതു സൂചിപ്പിക്കുന്നു. എന്നാൽ സ്ത്രീയേയും ആദിവാസിയേയും എല്ലാം പരസ്പരം ബന്ധിപ്പിക്കുന്ന പരിസ്ഥിതി എന്ന ഘടകവും അതിനെക്കുറിച്ചുള്ള എഴുത്തുകാരിയുടെ നിരീക്ഷണങ്ങളും ശ്രദ്ധിക്കപ്പെട്ടിട്ടില്ല.

സാമൂഹ്യപ്രശ്നങ്ങളുടെ പരിപ്രേക്ഷ്യത്തിൽ നിന്നു മാത്രമേ വത്സലയുടെ സ്ത്രീവാദത്തെ അപഗ്രഥിക്കുവാനാകൂ എന്ന അഭിപ്രായം നിലനിൽക്കുമ്പോൾ തന്നെ വത്സലയുടെ സ്ത്രീകഥാപാത്രങ്ങളുടെ കരുത്തിനെക്കുറിച്ച് എതിരഭിപ്രായങ്ങളില്ല. അതുകൊണ്ടുതന്നെ സ്ത്രീപക്ഷങ്ങളിൽ കഥാകാരിയുടെ നിലപാടുകളെന്തെന്നുള്ള അന്വേഷണം പ്രസക്തമാകുന്നു. പ്രാഥമിക വായനയിൽത്തന്നെ, രചനകളിൽ സമൃദ്ധമെന്ന് നിരീക്ഷിക്കാവുന്ന സ്ത്രീ, പരിസ്ഥിതി, ആദിവാസി പാഠങ്ങളാണ് പാരിസ്ഥിതിക സ്ത്രീവാദ സിദ്ധാന്തങ്ങളിലൂടെ വത്സലയുടെ രചനകളെ അപഗ്രഥിക്കുവാൻ പ്രേരിപ്പിക്കുന്നത്. പാരിസ്ഥിതിക സ്ത്രീവാദ സിദ്ധാന്തത്തിലെ പ്രധാന ഘടകങ്ങളായ പരിസ്ഥിതി, സ്ത്രീ, ആദിവാസി എന്നിവയെ കഥാകാരി, രചനകളിലൂടെ എങ്ങനെ നിരീക്ഷിക്കുന്നുവെന്നും അവയോടുള്ള എഴുത്തുകാരിയുടെ നിലപാടുകൾ എന്തെല്ലാമാണെന്നും പ്രത്യേകം അദ്ധ്യായങ്ങളിലൂടെ അപഗ്രഥിച്ച്, പാരിസ്ഥിതിക സ്ത്രീവാദ സിദ്ധാന്തങ്ങളോടു അവയ്ക്കുള്ള ആധമർണ്ണ്യം കണ്ടെത്തുന്നു.

തുടർന്ന് പരിസ്ഥിതി, സ്ത്രീവാദം, ആദിവാസി പാഠങ്ങൾ എന്നീ അദ്ധ്യായങ്ങളിലൂടെ ഈ ഓരോ വിഷയത്തിനോടും പി.വത്സലയുടെ നിലപാടുകൾ നോവലുകളെ ആധാരമാക്കി പഠനവിധേയമാക്കുന്നു.

## കുറിപ്പുകൾ


1. Nancy R. Howell, **Ecofeminism: What one needs to know**, Journal of Religion and Science, Vol: 32, No: 2, June, 1997.
2. Karen J. Warren. **Feminism and Ecology: Making connections,** Environmental Ethics, 9, No: 1, (Spring 1987), P. No: 3-20.
3. Karen J. Warren. **Feminism and Ecology: Making connections**, Environmental Ethics, 9, No: 1, (Spring 1987), P. No. 4, 5.
4. Simon De Beauver. ***The Second Sex***, Parshley, H. MTr, Vintage, London, 1997, P. No. 110, 111.
5. Rosemary Radford Reuth, **Ecofeminism Spirituality and Justice: First and Third World Women,** Penultimate draft, 1997 @goddessmystic.com.
6. Sherry B. Ortner, **'IS Female to Male as Nature to Culture'**, ***Woman Culture and Society*** Ed. M.Z. Rosaldo and L. Lamphere, Stanford University Press, (Stanford), 1974, P. No: 67-87.
7. Shallow Ecology എന്ന പദത്തിന് ഉപരിപ്ലവ പരിസ്ഥിതിവാദം എന്ന തർജ്ജമയാണ് ഈ പ്രബന്ധത്തിൽ ഉപയോഗിച്ചിരിക്കുന്നത്.

   കടപ്പാട്: ജി.മധുസൂദനൻ, ***കഥയും പരിസ്ഥിതിയും***, കറന്റ്, തൃശ്ശൂർ, 2000.
8. Deep Ecology എന്ന പദത്തിനു ഗഹനപരിസ്ഥിതി വാദം എന്ന തർജ്ജമയാണ് ഈ പ്രബന്ധത്തിൽ ഉപയോഗിച്ചിരിക്കുന്നത്.

   കടപ്പാട്: ജി.മധുസൂദനൻ, ***കഥയും പരിസ്ഥിതിയും***, കറന്റ്, തൃശ്ശൂർ, 2000.
9. Arne Naess. **The Shallow and the Deep, Long Range Ecology Movement: A Summary,** Inquiry 66, No: 1, 1973, P. No: 95-100.
10. Arielkay Shallah. **Deeper than deep Ecology: The Ecofeminist connection,** Environmental Ethics 6, No: 4, (Winter 1984), P. No: 339- 345.

11. Karen J. Warren. **Feminism and Ecology: Making connections,** Environmental Ethics, 9, No: 1, Spring 1987, P. No: 8.

12. Vandana Shiva. ***Staying Alive,*** Kali for Women, New Delhi, 1989, P. No: 219.

13. Donald A Mc Andrew @goddessmystic.com.

14. Ynestra King. **'Healing the wound',** ***Reweaving the world: The Emergence of Ecofeminism,*** (Ed) Irene Diamond and Gloria Feman Orentain, San Francisco, 1990, P. No: 117.

15. Carol J. Adam, (1993, 1), **Ecofeminism: What one needs to know,** Nancy R. Howell, Journal of Religion and Science, Vol. 32, No: 2, June, 1, 1997.

16. Irene Diamond & Gloria Feman Orentain (Eds.), ***Reweaving the world: The Emer gence of Ecofeminism,*** San Francisco, 1990, P. No: XI.

17. Karen J. Warren, **'Taking Emperial Data Seriously: An Ecofeminist Philosophical Per spective',** ***Ecofeminism: Woman, Culture, Nature.*** Ed. Karen J,. Warren, Bloomington, Indicana University Press, 1997. P. No: 3-20.

18. Rosemary Radford Reuth. ***Gaia to God,*** C.A.Harper Press, Sanfrancisco, 1992, P. No: 2.

19. Janis Birkland, 1993, 17-18, **Ecofeminism: What one needs to know,** Nancy R. Howell, Journal of Religion and Sciences, Vol: 32, No: 2, June, 1997.

20. Janis Birkland, 1993, 18, **Ecofeminism: What one needs to know,** Nancy R. Howell, Jornal of Religion and Science, Vol: 32, No: 2, June, 1997.

21. Theoder Roszak. ***The voice of Earth: An Exploration of Ecopsychology,*** Phanes Press, 2002, P. No: 238.

22. Rose Mary Radford Reuth, **Ecofeminism Spirituality and Justice: First and Third World Women.** @goddessmystic.com.

23. Ariel Kay Salleh. **'Living with Nature: Reciprocity or control, *Ethics of Environmen tal Developments,*** (Eds.) R+J Engel, TUCSON, University of Arizona Press, 1990.

24. എൻ.വി.കൃഷ്ണവാരിയർ, ഭൂമിയും മനുഷ്യനും, ***അന്വേഷണങ്ങൾ കണ്ടെത്തലുകൾ,*** ഡി.സി, കോട്ടയം, 1986, പു. 337.

25. അ. ഗ്ര, അ. ലേ, പു. 338.

26. സി.കെ.ജാനു, ***കൈവിട്ട മണ്ണ് വിളിച്ചപ്പോൾ***, ഭാഷാപോഷിണി, ഡിസം. 2001, പു: 25, ല. 7, പു. 10

27. കെ.പാനൂർ, ആമുഖം, ***കേരളത്തിലെ അമേരിക്ക***, എൻ.ബി.എസ്, കോട്ടയം, 1992, പു. 15.

28. മാതൃഭൂമി ദിനപ്പത്രം, തൃശ്ശൂർ എഡിഷൻ, 21.01.05, പു. 1.

29. മാതൃഭൂമി ദിനപ്പത്രം, തൃശ്ശൂർ എഡിഷൻ, 22.05.05, പു. 1.

30. മാതൃഭൂമി ദിനപ്പത്രം, തൃശ്ശൂർ എഡിഷൻ, 06.06.05, പു. 1.

31. പി.കെ.രാജശേഖരൻ, ***അന്ധനായ ദൈവം, മലയാളനോവലിന്റെ നൂറു വർഷങ്ങൾ,*** ഡിസി, കോട്ടയം, 1999, പു. 218.

32. രവി ഡി.സി. പ്രസാധകക്കുറിപ്പ്, ***നെല്ല്,*** പി.വത്സല, ഡിസി, കോട്ടയം, 2004.